No. 242 OCTOBER 2013

# KERALA PRIVATE COLLEGE TEACHER

*a monthly journal of the all kerala private college teachers' association*



AKPCTA

KERALA PRIVATE
# COLLEGE TEACHER

*a monthly journal of the all kerala private college teachers' association*

No. 242 October 2013

EDITORIAL BOARD

*Chief Editor*

**Promod Vellachal**

*Managing Editor*

**Dr. G. S. Suresh**

*Assistant Editor*

Dr. M.S.Vasanthakumar

*Members*

Dr. K. P. Sukumaran Nair

Dr.V.K.Vijayan

Dr. P.S. Geetha Kumari

Prof. R. Mohanakrishnan

Prof. A.G. Oleena

Prof. T.K.Ramakrishnan

Dr. C. Unnikrishnan

Dr. Mathew J. Muttath

Dr. K.Biju kumar

Prof. M.D. Ratheesh kumar

Prof. N. Vipin Chandran

Dr. N.Gopa kumar

Dr. Ajith. G. Krishna

Dr. S. Soju

Prof. N. Sunilkumar

AKPCTA State Committee Office
Mathrubhoomi Road, Vanchiyoor
Thiruvananthapuram-35
Phone: 0471- 2463494
Fax: 0471-2468984
Mobile:09495425219
e-mail:akpctatvm@gmail.com
www.akpcta.org




# 242

# inside

ചരിത്രവും വർത്തമാനവും ഇഴചേർന്ന നേരനുഭവം
അധികാരികളുടെ കണ്ണ് തുറപ്പിക്കുവാൻ

Workshop for Reviewing CBCS

Waning of the Real and the Emergence of the Hyper Real
**Reji Paikkattu**

RUSA is Replacing UGC?
**Vijaya Kumari.K**

സമരജ്വാലയിൽ വെന്തുരുകിയ നിർവൃതി
**എ. പ്രതാപചന്ദ്രൻ നായർ**

Fascist Intolerance:
**Sreekantan Nair**

Being Rational when Things go Irrational
**Vineetha Mohan**

അകന്നുപോയ ഗന്ധർവ്വരാജാങ്കണങ്ങൾ
ഡോ. എൻ.രേണുക

നിലയ്ക്കാത്ത നടുക്കം, പോകാത്ത വെളിച്ചം
ഡോ.എം.എസ്.വസന്തകുമാർ

അവർ വീണ്ടും ഇരകളെ തേടിയെത്തുന്നു...
എ.ജി.ഒലീന

ഗുൽമക്കായ്
ഡോ. അജി.സി.പണിക്കർ

The Visually Challenged and Identity:
**Habeeb.C**

Father Fixations:
**A.C. Sreehari**

ആധുനികോത്തര സാഹിത്യസങ്കൽപ്പങ്ങളിലൂടെ
ഒരു തീർത്ഥയാത്ര
**ഡോ. എൻ. എം. സണ്ണി**

*Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.*

Chief Editor's Desk



# അശാന്തം ഈ അക്കാദമിക പരിസരം

ലോകം കൂടുതൽ കൂടുതൽ ചെറുതായി വരുമ്പോൾ ആശങ്കകളുടെയും ഭയപ്പാടിന്റെയും അരക്ഷിതവാസ്ഥകൾ പെരുകി പെരുകി വരുന്നു എന്നത് ഒരു സമകാലിക വൈരുദ്ധ്യമാണ്. അധിനിവേശവും ചൂഷണവും അവകാശമായി അംഗീകരിച്ചു കൊടുക്കുന്ന ഒരു ജനാധിപത്യ വൈകൃതത്തിൽ ജീവിക്കുകയും പൊരുതുകയും ചെയ്യേണ്ടി വരുമ്പോൾ ഈ വൈരുദ്ധ്യം സ്വാഭാവികവുമാണ്. വിദ്യാഭ്യാസത്തിന്റെ മുതൽ മുടക്കുകളിൽ നിന്നും ഭരണകൂടം മാറിനിൽക്കുകയും സ്വകാര്യമൂലധന മാഫിയകൾ കമ്പോളത്തിന്റെ ലാഭമുദ്രാവാക്യങ്ങളുമായി കലപില കൂട്ടുകയും ചെയ്യുമ്പോൾ ഉന്നത വിദ്യാഭ്യാസത്തിന്റെ പൊതുസ്ഥലങ്ങൾ തകരുകയും രാഷ്ട്ര പുനർനിർമ്മാണത്തിന്റെ ഇന്ധനമായിത്തീരേണ്ട ഉന്നത വിദ്യാഭ്യാസം രാജ്യാന്തര വിദ്യാഭ്യാസ കച്ചവടത്തിന്റെ ചൂഷണ സ്ഥലമായി മാറുകയും ചെയ്യുന്നു.

യുക്തി ബോധങ്ങളിൽ പടുത്തുയർത്തിയ ഇന്ത്യൻ നവോത്ഥാന സംസ്കാരവും അതിന്റെ കേരളീയ മാതൃകകളും അന്ധവിശ്വാസത്തിന്റേയും ഭക്തിവ്യവസായത്തിന്റേയും ഫലഭൂയിഷ്ടമായ മണ്ണായി മാററിയെടുക്കപ്പെടുന്നു. ജാതിമത സ്വത്വങ്ങളുടെ ഫ്യൂഡൽ പുനരുത്ഥാനങ്ങൾ സംഘടിതമായി നടക്കുന്നു. ശാസ്ത്രചിന്തകൾക്കും യുക്തിബോധ ചിന്തകൾക്കും ശവക്കുഴി കുഴിക്കുകയാണ് ചിലർ. അതിന് സകല ഒത്താശകളും ചെയ്തു കൊടുക്കുകയാണ് ദേശീയ പാരമ്പര്യം അവകാശപ്പെടുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ. മഹാരാഷ്ട്രയിലെ ഡോ. നരേന്ദ്ര ധബോൽക്കർ രക്തസാക്ഷിയായതെന്തിന് എന്ന് നമ്മൾ സാഹസികമായി ആലോചിക്കേണ്ടിയിരിക്കുന്നു. ചിന്തകളുടെ മരവിച്ച വൻകരകളെ ശബ്ദായമാനമാക്കാനുള്ള ചരിത്രപരമായ ഉത്തരവാദിത്വം അദ്ധ്യാപക സമൂഹത്തിനുണ്ട്.

ഇത് കുടിയിറക്കത്തിന്റെ കാലമാണെന്ന് അവർ പറയുന്നു. അതുകൊണ്ട് നിശ്ശബ്ദമായ പൊതുസമ്മതികളുടെ വെളിച്ചത്തിൽ ഭൂതകാലത്തിന്റെ സുരക്ഷാ മതിലുകളെല്ലാം പൊളിച്ച് സ്വാതന്ത്ര്യത്തിന്റെ വെളിച്ചമെല്ലാം ഊതിക്കെടുത്തുവാൻ കൊണ്ടു പിടിച്ച നീക്കം നടക്കുകയാണ്. ഉന്നത വിദ്യാഭ്യാസം പൂർണമായും സ്വകാര്യ വൽക്കരിക്കാനുള്ള ഗൂഢാലോചന മുറുകി വരികയാണ്. പേമാരികൾ തകർത്തു പെയ്യുമ്പോളല്ല, ചാററൽമഴയുടെ മേഘനിഴലുകൾ വീഴുമ്പോൾ തന്നെ കുടയെടുത്തു വെക്കണം. അക്കാദമിക ഓട്ടോണമി ഒരു സുരക്ഷിത താവളമല്ല. ഒരു ദേശത്തിന്റെ വിദ്യാഭ്യാസവും സംസ്ക്കാരവും അട്ടിമറിക്കാനും പുതിയ സാമൂഹ്യ ഭാവുകത്വങ്ങൾ നിർമ്മിക്കുവാനും അക്കാദമിക് ഓട്ടോണമിക്ക് സാധിക്കും എന്ന് മെക്കാളെയുടെ കൊളോണിയൻ വിദ്യാഭ്യാസം നമ്മെ പഠിപ്പിച്ചത് മറന്നു പോകരുത്. ഈ സാഹചര്യത്തിൽ എല്ലാ എതിർപ്പുകളും തൃണവൽഗണിച്ച് സ്വയംഭരണപട്ടമെന്ന ആത്മഹത്യാപരമായ ആശയത്തിനുവേണ്ടി കേരളത്തിലെ മുപ്പതോളം എയ്ഡഡ് കോളജ് മാനേജുമെന്റുകൾ മുന്നോട്ടുവന്നിരിക്കുന്ന എന്ന പത്രവാർത്ത ഞെട്ടിപ്പിക്കുന്നതാണ്. വിദ്യാഭ്യാസം തൂക്കിവിൽക്കുവാനുള്ള വെറും ആക്രികച്ചവടമായി കാണുന്ന ലാഭമോഹികളും ധനഭോഗികളുമാണവർ.

യു ജി സി പതുക്കെ മായാൻ തുടങ്ങിയിരിക്കുന്നു. RUSA (Rashtriya Uchchatar Shiksha Abhiyan) പതുക്കെ ഉയർന്നുവരാൻ തുടങ്ങിയിരിക്കുന്നു. ഫണ്ട് വിതരണത്തിന്റെ പുതിയ ഏജൻസിയായ റൂസ മുന്നോട്ടു വെക്കുന്ന ആശയങ്ങളും നിബന്ധനകളും എത്രമാത്രം ഉന്നത വിദ്യാഭ്യാസത്തിന്റെ ജനാധിപത്യ വൽക്കരണത്തിന് അനുയോജ്യമാണെന്ന കാര്യം സമഗ്രമായി വിലയിരുത്തേണ്ടിയിരിക്കുന്നു. പുതിയ കാലത്തിന്റെ നയസമീപനങ്ങൾ അടിമുടി സ്വകാര്യവൽക്കരണത്തിന്റേതാണെന്നതു കൊണ്ട് തന്നെ ഒരു സമൂഹത്തിന്റെ ധിഷണാപരവും വൈകാരികവുമായ തലത്തിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം തികഞ്ഞ ജാഗ്രത അനിവാര്യമായി തീർന്നിരിക്കുന്നു. അശാന്തമാണ് അവരുടെ ലോകം. അസംതൃപ്തികൾ മാത്രം സൃഷ്ടിക്കുന്ന ഗ്ലോബൽ ഗൂഢാലോചനയും സ്റ്റേററ് ഗൂഢാലോചനയും വിചാരണ ചെയ്യപ്പെടുകതന്നെ വേണം.

**പ്രമോദ് വെള്ളച്ചാൽ**
ചീഫ് എഡിററർ

# കോളജ് അദ്ധ്യാപകർക്ക് ഇനി പ്രൊമോഷനും പ്ലേസ്മെൻറും ലഭിക്കണ്ടേ?

ഡോ.കെ.ശ്രീവത്സൻ

*ജനറൽ സെക്രട്ടറി*

*എ.കെ.പി.സി.ടി.എ*



ജനുവരി 2006 മുതൽ ആറാം യു ജി സി ശമ്പള പരിഷ്ക്കരണ പദ്ധതി ഇന്ത്യയിലെ യൂണിവേഴ്സിററികളിലും, കോളജുകളിലും നടപ്പാക്കി. ശമ്പള പരിഷ്ക്കരണ പദ്ധതിയോടനുബന്ധിച്ചുള്ള യു ജി സി റഗുലേഷൻ 18.9.2010 ൽ കേന്ദ്രഗവൺമെൻറിൻെറ ഗസററിൽ പ്രസിദ്ധപ്പെടുത്തി. പ്രസ്തുത റഗുലേഷൻ രൂപപ്പെടുത്താൻ ചുമതലപ്പെടുത്തിയിരുന്ന ത്യാഗരാജൻ കമ്മിററി ഇന്ത്യയിലുടനീളം അദ്ധ്യാപക സംഘടനകൾ, വിദ്യാഭ്യാസ വിചക്ഷണർ, സർവ്വകലാശാലാ അധികാരികൾ എന്നിവരുമായി ചർച്ച നടത്തിയിരുന്നു. ചർച്ചകളിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം ഉയർത്തുന്നതു സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ഐഫക്ടോയുടെ നേതൃത്വത്തിൽ നൽകിയിരുന്നു. ഗുണനിലവാരം ഉയർത്തുക എന്ന വാദമുന്നയിച്ചു കൊണ്ട് ത്യാഗരാജൻ കമ്മിററി നൽകിയ പല നിർദ്ദേശങ്ങളും ഇന്ത്യയിലെ വൈവിദ്ധ്യമായ സാഹചര്യത്തിൽ നടപ്പാക്കാൻ കഴിയാത്തതാണെന്ന് ഐഫക്ടോയുടെ നേതൃത്വത്തിൽ അദ്ധ്യാപക സംഘടനകൾ യു ജി സിയെയും, കേന്ദ്ര മാനവശേഷി വകുപ്പിനെയും അറിയിച്ചിരുന്നു. ഇക്കാരണത്താൽ യു ജി സി വീണ്ടും റഗുലേഷനിലെ പ്രശ്നങ്ങളെ കുറിച്ചു പഠിക്കാൻ പ്രത്യേകിച്ചും *API score* മൂലമുണ്ടാകുന്ന പ്രശ്നങ്ങളെ കുറിച്ചു പഠിക്കാൻ ഒരു Revisit കമ്മിററി ഉണ്ടാക്കി. ഏകദേശം രണ്ടു വർഷത്തോളം പഠിച്ചു സമർപ്പിച്ച റിപ്പോർട്ടനുസരിച്ച് റഗുലേഷനിൽ ചില മാററങ്ങൾ വരുത്തിക്കൊണ്ട് യു ജി സി പത്രക്കുറിപ്പിറക്കി. റഗുലേഷനിലെ രണ്ടാം അമൻറ്മെൻറായി കൊണ്ടു വന്ന മാററങ്ങൾ ഫലത്തിൽ ഇനി ഒരു കോളജ് അദ്ധ്യാപകനും യാതൊരു പ്രമോഷനും ലഭിക്കാത്ത വിധത്തിലാണ്.

എ പി ഐ സ്കോറനുസരിച്ച് വിവിധ ഘടകങ്ങളിലായി പ്ലേസ്മെൻറിൽ സ്കോറുകൾ നേടേണ്ടതുണ്ട്. ആദ്യത്തെ 75% വും അദ്ധ്യാപനത്തിനും, അനുബന്ധ പ്രവർത്തനങ്ങൾക്കുമുള്ളതാണ്. ബാക്കി വരുന്ന 25% റിസർച്ചിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമുള്ളതാണ്. റിസർച്ചിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമുള്ള 25%ത്തെ വീണ്ടും 5 ഘടകങ്ങളാക്കി തിരിച്ച് ഓരോ ഘടകത്തിനും മിനിമം സ്കോർ നേടണമെന്നുള്ള നിബന്ധന കൊണ്ടു വരുകയാണ്, യു ജി സി ഇപ്പോൾ ചെയ്തിട്ടുള്ളത്. ഇതിനെ വിശദമായി ഒന്നു പരിശോധിച്ചാൽ അതിലെ അപകടം മനസ്സിലാകും ഉദാഹരണത്തിന് പ്രസ്തുത 25% ലെ ഒരു ഘടകമായ മേജർ പ്രോജക്ററ് / മൈനർ പ്രോജക്ററ്ൻെറ കാര്യം പരിശോധിക്കാം. ഇന്ത്യയിലെ 6 ലക്ഷത്തോളം വരുന്ന സർവ്വകലാശാല-കോളജ് അധ്യാപകർക്ക് മേജറോ മൈനറോ ആയ പ്രോജക്ററ് നൽകാൻ യു ജി സിക്കോ ഡി എസ് ററിക്കോ മറേറതെങ്കിലും ഏജൻസിക്കോ ക



ഴിയുമോ. രണ്ടാമതായി പ്രസിദ്ധീകരണ കാര്യമെടുത്താൽ ഇന്ത്യയിലെ എല്ലാ സർവ്വകലാശാല- കോളജ് അദ്ധ്യാപകർക്ക് തങ്ങളുടെ റിസർച്ച് വർക്കുകൾ പ്രസിദ്ധീകരിക്കാൻ വേണ്ടിയുള്ള ജേർണലുകൾ ലഭ്യമാണോ? ഇതു പോലെ തന്നെയാണ് സെമിനാറിൽ പങ്കെടുക്കുന്നതിൻെറയും, റിസർച്ച് ഗൈഡായി പ്രവർത്തിക്കുന്നതിൻെറയുമെല്ലാം ഘടകങ്ങൾ പരിശോധിച്ചാൽ നമുക്കു വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും. ഇതിലേതെങ്കിലും ഒരു ഘടകത്തിന് മിനിമം എ പി ഐ സ്കോർ നേടാൻ കഴിഞ്ഞില്ലെങ്കിൽ ആറായിരം രൂപ എ.ജി. പിയോടു കൂടി സർവ്വീസിൽ കയറുന്ന അസിസ്ററൻറ് പ്രൊഫസർക്ക് ഏഴായിരം രൂപ എ ജി പി യിലേക്കുള്ള പ്ലേസ്മെൻറ് ഉം തുടർന്നുള്ള എല്ലാ പ്ലേസ്മെൻറുകളും നിലയ്ക്കും. അതായത് അസിസ്ററൻറ് പ്രൊഫസർ ആയി സർവ്വീസിൽ കയറുന്ന അദ്ധ്യാപകൻ ആറായിരം രൂപ എ ജി പിയുള്ള അസിസ്ററൻറ് പ്രൊഫസർ ആയി തന്നെ റിട്ടയർ ചെയ്യും.

ഇത് യു ജി സിയുടെ നാളിതുവരെയുള്ള ഒരു ശമ്പള പരിഷ്കരണത്തിലും സംഭവിച്ച കാര്യമല്ല. ഇതിൻെ ഇന്ത്യയിലെ എല്ലാ സർവ്വകലാശാലാ- കോളജ് അദ്ധ്യാപകരും ശക്തമായി നേരിടണം. അതിനു വേണ്ടിയാണ് കഴിഞ്ഞ സെപ്തംബർ 20-ാം തിയതി ഐഫക്ടോയുടെ നേതൃത്വത്തിൽ ഇന്ത്യയിലെ സർവ്വകലാശാല കോളജ് അദ്ധ്യാപകർ പാർലമെൻറിലേക്ക് മാർച്ച് നടത്തിയത്.

പ്രസ്തുത മാർച്ച് ഡൽഹി പോലീസ് തടയുകയുണ്ടായി. തുടർന്ന് എ ഐ എഫ് യു സി ററി ഒ യുടെ നേതാക്കൾ ഐഫക്ടോ യു ജി സി യുടെ ഉന്നത അധികാരികളുമായി സമരത്തിനാധാരമായ പ്രശ്നങ്ങളെക്കുറിച്ചു ചർച്ച നടത്തി.

പ്രസ്തുത ചർച്ചകളിൽ റഗുലേഷനിലെ എ പി ഐ സ്കോറിനെക്കുറിച്ചു വന്നിട്ടുള്ള രണ്ടാം ഭേദഗതിയിലെ അപാകതകൾ ഐഫക്ടോ നേതാക്കൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കാമെന്ന് യു ജി സി ചെയർമാൻ ഉറപ്പു നൽകി. യു ജി സി ചെയർമാൻ നൽകിയിട്ടുള്ള ഉറപ്പ് പാലിച്ചില്ലെങ്കിൽ നമ്മൾ വീണ്ടും ശക്തമായ പ്രക്ഷോഭപരിപാടികളുമായി മുന്നോട്ടു പോകുമെന്ന് ഐഫക്ടോ നേതൃത്വം യു ജി സിയ്ക്കും എം. എച്ച് ആർ ഡി യ്ക്കും മുന്നറിയിപ്പ് നൽകിയിട്ടുമുണ്ട്

## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

**ജേർണലിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനം, ചെറുകഥ, കവിത, തുടങ്ങിയ സാഹിത്യ സൃഷ്ടികൾ സർവ്വീസ് സംബന്ധമായ ചോദ്യങ്ങൾ, വിജ്ഞാനപ്രദമായ കുറിപ്പുകൾ, മററ് വാർത്തകൾ, ഫോട്ടോകൾ, പരസ്യങ്ങൾ ഇവയൊക്കെ ചീഫ് എഡിററർക്ക് അയയ്ക്കുക.**

**ബ്രാഞ്ചുകൾ ജേർണലിലേയ്ക്ക് പരസ്യം ശേഖരിച്ച് അടിയന്തിരമായി എത്തിക്കുക.**

പരസ്യങ്ങൾക്കുള്ള താരിഫ് കാർഡുകൾ ജില്ലാ സെക്രട്ടറിയിൽ നിന്നോ എഡിറററിൽ നിന്നോ ലഭിക്കുന്നതാണ്.

*ചീഫ് എഡിറററുടെ വിലാസം*
**പ്രമോദ് വെള്ളച്ചാൽ**
ചന്ദ്രാലയം, മട്രേരി പി.ഒ
മുണ്ടലൂർ വഴി, കണ്ണൂർ ജില്ല- 670 622
ഫോൺ: 04797-2826576 Mob: 9447384054
e-mail:pvellachal@gmail.com

*മാനേജിംഗ് എഡിറററുടെ വിലാസം*
**ഡോ.ജി.എസ്.സുരേഷ്**
ദേവിപ്രിയ, ടി.സി.36/403(1),
പാൽക്കുളങ്ങര, തിരുവനന്തപുരം- 695 024
ഫോൺ: 0471-2452225

**AKPCTA State Committee Office**
Mathurbhoomi Road, Vanchiyoor, Thiruvananthapuram-35 Phone: 0471- 2463494, Fax: 0471-2468984,
Mobile:09495425219 e-mail:akpctatvm@gmail.com www.akpcta.org

കേരള പ്രൈവറ്റ് കോളജ് ടീച്ചർ ഇ-മെയിൽ
collegeteacheredt@gmail.com



## പാലക്കാട് പ്രവർത്തക ക്യാമ്പ്

# ചരിത്രവും വർത്തമാനവും ഇഴചേർന്ന നേരനുഭവം

2013 ആഗസ്ത് 31, സെപ്തംബർ 1
ഐ.ആർ.ടി.സി.ക്യാമ്പസ്, മുണ്ടൂർ, പാലക്കാട്

കേരളം ഭരിച്ചു കൊണ്ടിരിക്കുന്ന യു.ഡി.എഫ് സർക്കാർ വിദ്യാഭ്യാസ മേഖലയെ തകർക്കുകയും വർഗ്ഗീയ വൽക്കരിക്കുകയുമാണ് ചെയ്യുന്നതെന്ന് മുൻ എം.പി. സ. എ.വിജയരാഘവൻ അഭിപ്രായപ്പെട്ടു. എ.കെ.പി.സി. ടി. എ സംസ്ഥാന പ്രവർത്തന ക്യാമ്പ് മുണ്ടൂർ ഐ.ആർ.സി.ടി കാംപസിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ കാലങ്ങളിൽ കേരളത്തിലെ സ്വകാര്യ മാനേജുമെന്റുകളുടെയും സർക്കാറിന്റെയും തെറ്റായ നയങ്ങൾക്കെതിരെ ശക്തമായ നിലപാടുകളും, സമരങ്ങളും ഏറ്റെടുത്ത സംഘടനയാണ് എ.കെ.പി.സി.ടി.എ എന്ന് അദ്ദേഹം പറഞ്ഞു.




വരും കാലങ്ങളിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഈ സംഘടനയുടെ പ്രാധാന്യം വർദ്ധിച്ചതാണ്. സർവ്വകലാശാലകളെ മുഴുവൻ തങ്ങളുടെ രാഷ്ട്രീയ നോമിനികളെ കുത്തി നിറച്ച് കച്ചവടം നടത്താൻ തയ്യാറായി നിൽക്കുന്നവരാണ് ഇന്ന് കേരളം ഭരിക്കുന്നത്. ഇത്തരം നടപടികൾക്കെതിരായി ശക്തമായ സമര രംഗത്തേക്ക് വരേണ്ടതെത് എ.കെ.പി.സി.ടി.എ.യാണ്. ഉദ്ഘാടന ചടങ്ങിൽ 'ആഗോളീകരണ കാലത്തെ സ്ത്രീയും സംഘടനാ പ്രവർത്തനവും' എന്ന വിഷയത്തിൽ സ. പി.കെ.സൈനബ മുഖ്യപ്രഭാഷണം നടത്തി. ആഗോളീകരണത്തിന്റെ പുതിയ ചുറ്റുപാടിൽ സ്ത്രീ വെറും വിൽപ്പന ചരക്കാവുകയും, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ വർദ്ധിച്ചു വരികയും ചെയ്യുമ്പോൾ സ്ത്രീ സമൂഹത്തിന്റെ സംഘടനാ പ്രവർത്തനം കാലഘട്ടത്തിന്റെ അനിവാര്യതയായി മാറുന്നുവെന്ന് അവർ അഭിപ്രായപ്പെട്ടു. കേരള പ്രൈവറ്റ് കോളജ് ടീച്ചർ ജേർണലിന്റെ വനിതാ പതിപ്പ് മുൻ സംസ്ഥാന വൈസ് പ്രസിഡന്റ് ടി. എ. ഉഷാകുമാരിക്ക് നൽകി പി. കെ. സൈനബ പ്രകാശനം ചെയ്തു.




എ.കെ.പി.സി.ടി.എ സംസ്ഥാന പ്രസിഡന്റ് ഡോ.കെ.പി.സുകുമാരൻ നായർ അദ്ധ്യക്ഷം വഹിച്ച ചടങ്ങിൽ ജനറൽ സെക്രട്ടറി ഡോ. കെ.ശ്രീവൽസൻ സ്വാഗതവും സംസ്ഥാന സെക്രട്ടറി ഡോ. ഡി. കെ.ബാബു നന്ദിയും പറഞ്ഞു. തുടർന്ന് ജനറൽ സെക്രട്ടറി ഡോ. കെ.ശ്രീവൽസൻ സംഘടന പ്രവർത്തന രേഖയും, ട്രഷർ പ്രൊഫ. ആർ.മോഹനകൃഷ്ണൻ 2013 വർഷത്തെ സാമ്പത്തിക കണക്കുകളും, അക്കാദമിക് പ്രവർത്തന രേഖ അക്കാദമിക് കൺവീനർ പ്രൊഫ. സി.പദ്മാനഭനും, വനിതാ പ്രവർത്തന രേഖ വനിതാ കമ്മിറ്റി കൺവീനർ പ്രൊഫ.എ.ജി. ഒലീനയും, സർവ്വീസ് കാര്യങ്ങൾ ഡോ. പി.എസ്.ഫിറോസും അവതരിപ്പിച്ചു. ജേർണൽ പ്രവർത്തനങ്ങളുടെ രൂപ രേഖ എഡിറ്റർ പ്രമോദ് വെള്ളച്ചാൽ അവതരിപ്പിച്ചു.












ഉച്ചയ്ക്ക് '*ട്രേഡ് യൂണിയൻ രംഗത്തെ സമകാലീന പ്രശ്നങ്ങൾ*' എന്ന വിഷയത്തിൽ മുൻ എം.എൽ.എ സ. കെ.കെ. ദിവാകരൻ ക്ലാസ്സെടുത്തു. ലോകത്താകമാനം, വികസിത-വികസ്വര രാജ്യങ്ങൾ എന്ന വ്യത്യാസമില്ലാതെ ആഗോളീകരണത്തിന് എതിരായ സമരങ്ങൾ ശക്തിപ്പെടുകയാണെന്നും അതിന്റെ അലയൊലികൾ ഇന്ത്യയിലും സംഭവിക്കുമെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാന സെക്രട്ടറി പ്രൊഫ: ടോമിച്ചൻ ജോസഫ് സ്വാഗതവും വർക്കിങ്ങ് കമ്മിറ്റി അംഗം ഡോ. ടി.കെ.ശ്രീധരൻ നന്ദിയും പറഞ്ഞ ചടങ്ങിൽ സംസ്ഥാന വൈസ് പ്രസിഡണ്ട് ഡോ.പി.എസ്. ഗീതാകുമാരി അദ്ധ്യക്ഷയായി.

*ആറാം യു.ജി.സി. റെഗുലേഷൻ* എന്ന വിഷയത്തിൽ എ.കെ.പി.സി.ടി.എ മുൻ അക്കാദമിക്, സർവ്വീസ് സെൽ കൺവീനർ ഡോ.കെ.എസ്. ജയചന്ദ്രൻ ക്ലാസെടുത്തു. റെഗുലേഷനിൽ പതിയിരിക്കുന്ന അദ്ധ്യാപക വിരുദ്ധ നിലപാടുകൾ തുറന്നു കാണിക്കാൻ ക്ലാസ്സിന് കഴിഞ്ഞു. ചടങ്ങിൽ പ്രൊഫ.വി.രഘുനാഥ് അദ്ധ്യക്ഷം വഹിച്ചു.

തുടർന്ന് ക്യാമ്പിൽ സർവ്വകലാ





ശാലാ തിരിഞ്ഞ് ഗ്രൂപ്പ് ചർച്ച നടത്തി. രണ്ടാം ദിവസം ഞായറാഴ്ച പ്രതിനിധികളുടെ ഗ്രൂപ്പ് ചർച്ചയുടെ റിപ്പോർട്ടിങ്ങും ജനറൽ സെക്രട്ടറിയുടേ മറുപടിയും ഉണ്ടായി. *'സംഘടനാ ചരിത്രം' - ശില്പശാല*, സംസ്ഥാന വൈസ് പ്രസിഡണ്ട് ഡോ.വി.കെ വിജയന്റെ അദ്ധ്യക്ഷതയിൽ പ്രൊഫ.വി.നാരായണൻകുട്ടി ഉദ്ഘാടനം ചെയ്തു. തുടർന്ന് ചരിത്ര രചനയുടെ കരട് രൂപം അക്കാദമിക് കമ്മിറ്റി കൺവിനർ പ്രൊഫ.സി.പദ്മനാഭൻ അവതരിപ്പിക്കുകയും, മുൻകാല നേതാക്കളായ വി.നാരായണൻകുട്ടി. സി.കെ.ശിവശങ്കരൻ, ടി.കെ.ജി.നായർ, പി.ജി.ബാലകൃഷ്ണൻ, എ.പ്രതാപചന്ദ്രൻ നായർ, തോമസ് ജോസഫ്, എസ്.കെ.വസന്തൻ, പി.മമ്മദ്, കെ.ശശിധരൻ, എ.പി.കുട്ടികൃഷ്ണൻ എന്നിവർ അവരുടെ അനുഭവങ്ങളും ചരിത്ര സംഭവങ്ങളും പങ്കു വെക്കുകയും ചെയ്തു. പരിപാടിക്ക് ഡോ. വി. തോമസ് മാത്യു സ്വാഗതവും, പാലക്കാട് ജില്ലാ സെക്രട്ടറി ഡോ.വി.കെ. സുധാകരൻ നന്ദിയും പറഞ്ഞു. വിവിധ കോളേജുകളിൽ നിന്നായി 270-ലധികം പ്രതിനിധികൾ ക്യാമ്പിൽ പങ്കെടുത്തു





















# അധികാരികളുടെ കണ്ണ് തുറപ്പിക്കുവാൻ

## സർവ്വകലാശാല കോളേജ് അധ്യാപകരുടെ ഉജ്ജ്വലമായ പാർലമെന്റ് മാർച്ച്

2013 ആഗസ്ത് 31, സെപ്തംബർ 1
ഐ.ആർ.ടി.സി.ക്യാമ്പസ്, മുണ്ടൂർ, പാലക്കാട്

ഓൾ ഇന്ത്യ ഫെഡറേഷൻ ഓഫ് യുണിവേഴ്സിറ്റി ആന്റ് കോളേജ് ടീച്ചേർസ് ഓർഗനൈസേഷൻ (ഐഫക്ടോ) യുടെ ആഭിമുഖ്യത്തിൽ സർവ്വകലാശാലാ കോളേജ് അധ്യാപകർ പാർലമെന്റ് മാർച്ചും ധർണ്ണയും നടത്തി. അധ്യാപകരുടെ കരിയർ അഡ്വാൻസ്മെന്റ് അസാദ്ധ്യമാക്കുന്ന യു.ജി.സി റഗുലേഷൻസ് ഭേദഗതി പിൻവലിക്കുക, സർക്കാർ എയ്ഡഡ് മേഖലയെ ശക്തിപ്പെടുത്തുക, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കുക, പുതിയ പെൻഷൻ പദ്ധതി പിൻവലിക്കുക, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജ്മെന്റ് ജ




നാധിപത്യവൽക്കരിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചുകൊണ്ടാണ് മാർച്ചും ധർണ്ണയും നടന്നത്.

ഐഫെക്ടോ ദേശീയ പ്രസിഡണ്ട് പ്രൊഫ: തരുൺ പത്ര, ജനറൽ സെക്രട്ടറി പ്രൊഫ. അശോക് ബർമൻ, നാഷണൽ സെക്രട്ടറി പ്രൊഫ: കെ. ജയകുമാർ, ദക്ഷിണ മേഖലാ സെക്രട്ടറി പ്രൊഫ: പി. രഘുനാഥ് തുടങ്ങിയവർ മാർച്ചിനും ധർണ്ണയ്ക്കും നേതൃത്വം നൽകി. വിവിധ സംസ്ഥാനങ്ങളിൽ നിന്നും ആയിരക്കണക്കിന് അധ്യാപകർ മാർച്ചിൽ പങ്കെടുത്തു.

കേരളത്തിൽ നിന്നും എകെപി.സിടിഎ, എകെജി.സിടി, എഫ്‌യു ടി.എ തുടങ്ങിയ സംഘടനകളെ പ്രതിനിധീകരിച്ച് നിരവധി അധ്യാപകർ മാർച്ചിൽ പങ്കെടുത്തു. എകെപിസി ടി.എ പ്രസിഡണ്ട് ഡോ. കെപി. സുകുമാരൻ നായർ, ജനറൽ സെക്രട്ടറി ഡോ. കെ. ശ്രീവത്സൻ, എകെജി. സി.ടി ജനറൽ സെക്രട്ടറി പ്രൊഫ: എസ്. സുദർശൻ പിള്ള, എഫ്‌യു. ടി.എ ജനറൽ സെക്രട്ടറി ഡോ. ജെ . രാജൻ തുടങ്ങിയവർ കേരളത്തിൽ നിന്നുള്ള സംഘത്തിന് നേതൃത്വം നൽകി

## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

**2013 -14 വർഷത്തെ മെമ്പർഷിപ്പ് തുക 2013 നവംബർ 30നു മുമ്പ് സംസ്ഥാന ട്രഷററെ നേരിട്ടോ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി ആയോ എത്തിക്കേണ്ടതാണ്.**

ട്രഷററുടെ മേൽവിലാസം

**പ്രൊഫ. ആർ.മോഹനകൃഷ്ണൻ**

ടി.സി.10/1967 (2), കെ.ആർ.ഡബ്ല്യൂ.എ -70

ശിവാരം, വട്ടിയൂർക്കാവ്, തിരുവനന്തപുരം -695013

**മൊബൈൽ: 9497592458**




# Workshop for Reviewing CBCS

## 2nd October, Ernakulam

A one day workshop to "Review the Working of Choice Based Credit Semester System in Kerala" was held at Ernakulam on 2nd October 2013 under the auspices of the Academic Committee of AKPCTA. A detailed survey, soliciting the response of the teaching community on various aspects related to CBCSS, was conducted in almost all Colleges in the State prior to the workshop and an Approach Paper was also distributed to all branches to facilitate discussions at various levels. The exceptional turnout at the workshop, and the wide variety of issues raised by the participants, bear testimony to the tremendous commitment of the teaching community towards the development of the academic atmosphere in the Colleges.

Dr.K.Sreevalsan, General Secretary, AKPCTA welcomed the participants to the workshop which was presided over by Dr.V.K.Vijayan, Vice President, AKPCTA and Chairman of the Academic Committee. The approach paper was presented in two parts by Dr.K.P.Sukumaran Nair, President, AKPCTA and C.Padmanabhan, Convenor, Academic Committee. The ensuing discussions covered a wide variety of areas both within and outside the purview of CBCSS. The survey results are being consolidated and the outcome of the workshop is in the process of being consolidated into a document. However the central message of the workshop seems to be that while the academic community needs to stand united to oppose the haphazard reforms that are being brought into the CBCSS regulations in the name of Hridayakumari Commission report it also needs to take up the task of modifying the various aspects of CBCSS in the light of our experience with the system so as to reinforce it to meet the current requirements.



# Waning of the Real and the Emergence of the Hyper Real



**Reji Paikkattu**
*Associate Professor of English, M G College, Iritty*

It is true that in the history of humanity, a span of time comprising a few decades is small; smaller still is the magnitude of a century in the vast stretches of time in relation to the history of the universe. Still, from a purely human perspective, the last century upto present can be seen as unique in the sense that man succeeded, up to a level, in transcending the limitations of time and space using the advances in the realm of knowledge and its application in the form of technology. Towards the end of the nineteenth century, in *Thus Spake Zarathustra*, Frederick Nietzsche spoke about the death of God.

Ironically, the succeeding decades witnessed man's yearning and incessant striving to become 'god-like' with the help of knowledge and its application. Western thought, cultural and political practices and experimental science the pioneers of which came from western hemisphere attained a reach and overwhelming presence throughout the world. By and large, Eurocentric view gained almost universal acceptance; even among those who profess a contempt towards the hegemony of the west, cultural and political practices that owe inspiration to the west find wide acclaim and ardent emulation. Cumulative impact and intertwining give and take process from the days of the Renaissance onwards through the Enlightenment coupled with the yearning to usher in an egalitarian world via revolution at last got a sort of muted stability of modernity with which millennial visions of the most ardent radicals find peace and happiness.

As a result of that, representative form of government on the political front and, on the personal level, increasing reliance on the utmost use of modern gadgets, primarily for information generation, processing and consumption become the order of the day. The only possible and viable mode of revolution turned out to be Transportation Revolution which helped man to transcend the limitation imposed by space; Transmission Revolution that rely on telegraph, telephone, television and internet which radically redefine the nature of reality that we confront and replace it with virtual reality and Transplantation Revolution that aim at longer and happier life for which electronics and modern medical advances move forward hand in hand leading to the emergence of even 'cyborg' as a fact or figurative reality.

Human beings are endowed with faculties for thinking about new possibilities and meaningful production for distribution and consumption of things. Hence, they are logically and rationally happy with the use value and exchange value of goods and services as part of social and political life. Use value of a thing is centered on the utility of it and the satisfaction of needs it can fulfill in any given context. Exchange value is primarily related to the marketing of it with the aim of making profit and accumulation of wealth. Generally speaking, from the lastdecades of the twentieth century

onwards, things have been seen and purchased with the main aim of amplifying social prestige by emphasizing its sign value ("I am no longer like you; I use SII and drive BMW")

Gradually, more and more developments in the world of technology culminated in the digitalization and computerization of the process of information handling, generation, transmission, perception and also responses possible for human beings. Media-centered world in which we live today has the overwhelming power to influence and affect our perception of ourselves the outside world and what is called 'reality'. By and large owing to the digitalization using code and the pervasiveness of images in everyday life, upto a very great extent, death of the real and the birth of the 'hyper real' have become part of human condition now a days.

Fusillade of images that bombard the mind and perception of people who confront the digital world is so overwhelming so that they radically redefine themselves and project their own image in tune with the demands and norms prevailing there. Hence it is easy to neglect or be oblivious of the next door neighbours; but it is almost impossible not to respond to the fake identity of a Facebook friend! To take an example from the fashion trend of the last few years that owes direct allegiance to the 'norms' and 'practices' projected, by the digital world, what is called 'leggings' is an innerwear in terms of its material and structural function in relation to the human body. But many people become audacious enough to treat it as proper dress and quite unabashedly, flaunt it in the marketplace or anywhere thereby transforming themselves into a sort of self-exhibition of moving pornography! The seductive power of the mass media and also that of our world is so great so that we surrender ourselves in an "ecstasy of communication", to use an expression of Baudrillard.

In *Consumer Society* which was published as early as 1970, Jean Baudrillard wrote: "Today, we are everywhere surrounded by the remarkable conspicuousness of consumption and affluence, established by the multiplication of objects, services and material goods. This now constituted a fundamental mutation in the ecology of the human species". The prevailing social and political system envisages the production and marketing of as many goods as possible with a view to increasing consumption and profit. Hence different media have the faithful role of a willing partner to promote a lifestyle centered around consumption for its own sake and shopping to boost the social status. Ethics and truth become casualty in this context. Advertisements – the official art form of modernity and capitalism, in the words of Raymond Willams - bestow a magical and bewitching quality to the products so that they become irresistible. One ironic and funny aspect of change is that whereas in olden days human beings were surrounded by human beings, nowadays, man is surrounded by objects to be consumed. Different media, whether it be television or internet, condition and mould the spectators to become ecstatic consumers of the images and objects.

Market, media and advertisements have developed a reach and presence that permeate the most subtle levels of individual conscience and pattern of human relations. Spectacles, bewitching range of colours and titillating music and movements (dance?) weave a magical world with the subtle manipulation of aesthetics, psychology and sociology with the result that spectators are transformed into willing consumers who find salvation in frequenting shopping malls.

Repeatedly, the media and advertisements exhort all people that our health and happiness, beauty and status, information and affection, recognition and position – in short, the very reason for our existence – can be found in the market in the role as a consumer. Advertisements amplify the appetite; elicit envy and guide us to find meaning of existence in being and becoming a consumer. When this trend becomes the dominant model of human interaction in society, it invariably leads to the accumulation of waste in the drive for prestige. Problem of waste is very real; it is not hyperreal.

Once Baudrillard wrote that the end of history could be captured by the image of a lone man involved in jogging, oblivious to his surrounding, hearing only the music of his own ipod and aware only of the statements he himself was making about health, fashion, fitness and endurance. He was running straight ahead, but with no end in view. If at all there is an end, that would be the end of, what may be broadly called as, humanism that has got a history well over five centuries as part of which man found himself to be the criterion of everything. "Nothing human is alien to me" is an old saying. Man made machines and different sorts of simulations can replace the tenets of humanism, upto a level. Ultimately humanity will prevail despite the heavy emphasis on consumption, accumulation of waste in the drive for social status, the proliferation of images and multiplication of sensations. Unsustainable mode of development and saturation of images in the hyper real world.




# RUSA is Replacing UGC?

**Vijaya Kumari.K**
*Asst. Professor, Dept of History, All Saints' College, Trivandrum.*



RUSA (Rashtriya Uchchatar Shiksha Abhiyan) a new centrally sponsored scheme is proposed by the Ministry of MHRD to replace University Grants Commission and to hand over the key of higher education to the hands of Corporate who will decide the future of higher education and there by the future of India. RUSA a new scheme, going to be introduced in India by the Central Government in all the States. The organizers of the proposed agency are of the opinion that, RUSA, latest flagship scheme of the government wiil pave the way for far reaching reforms at the state level. They argued that in every institution, the Governing Body and a Project Monitoring is necessary and there is the need for reforms in State higher education sector. For that they are planning to use central funds in a strategic manner to ensure holistic planning at the state level and enhancement of allocations for the state institutions.

Rashtriya Uchchatar Shiksha Abhiyan a new centrally sponsored scheme would be spread over the two plan periods (XII and XIII), and would be an over arching scheme for funding the State universities and Colleges to achieve the aims of equity, access and excellence. This scheme is called Rashtriya Uchchatar Shiksha Abhiyan (RUSA). All funding under the RUSA would be norm based and future grants would be outcome dependent. Certain academic, administrative and governance reforms will be a precondition for receiving funding under RUSA. Centre-State funding to will be in the ratio of 90:10 for North-Eastern States & J&K, 75:25 for Other




Special Category States (Sikkim, Himachal Pradesh and Uttarakhand) and 65:35 for Other States and UTs. Funding will be available to even private-aided institutions, subject to their antiquity, for permitted activities (not all) based on certain norms and parameters, in a ratio of 50:50.

While the government can endeavor to transform a select group of Indian higher education institutions into world class institutions and attract investments for new institutions by easing current norms, overcoming systemic challenges, creating a conducive environment for higher education to thrive in and focusing on quality of the institutions and the outcomes. The government needs to transform itself from a provider of higher education to play key roles in enabling and establishing an appropriate regulatory framework to set quality standards for higher education. RUSA, with a radically new approach coming to dominate the field of higher education.

RUSA is based on key principles of performance-based funding, incentivizing well performing institutions and decision making through clearly defined norms, which will establish and rely upon a management information system to gather the essential information from institutions. It is claimed that RUSA will have a sharper focus on equity-based development, and improvement in teaching-learning quality and research, but while analyzing we will understand that, RUSA will be a dangerous weapon going to be experimented in the field of higher education.

In order to be eligible for funding under RUSA, States will have to fulfill certain prerequisites.

These include

- the creation of a State Higher Education Councils,
- creation of accreditation agencies,
- preparation of the state perspective plans,
- commitment of certain stipulated share of funds towards RUSA,
- academic, sectoral and institutional governance reforms,
- Filling faculty positions etc.
- Under the scheme, an initial amount will be provided to the State government to prepare them for complying with these a-priori requirements. Once eligible for funding under RUSA, after meeting the prerequisite commitments,
- The States will receive funds on the basis of achievements and outcomes.
- The yardstick for deciding the quantum of funds for the states and institution comprise the norms that reflect the performance in key result areas (access,

**RUSA is based on key principles of performance-based funding, incentivizing well performing institutions and decision making through clearly defined norms, which will establish and rely upon a management information system to gather the essential information from institutions. It is claimed that RUSA will have a sharper focus on equity-based development, and improvement in teaching-learning quality and research, but while analyzing we will understand that, RUSA will be a dangerous weapon going to be experimented in the field of higher education.**

equity and excellence).

- The State plans will capture the current position of the States and institutions with respect to these indicators, as well as the targets that need to be achieved.
- The State Higher Education Council will undertake this process of planning, execution and evaluation, in addition to other monitoring and capacity building functions.
- encourage private participation in the higher education,
- The corporate sector as key stakeholder in higher education can play a pivotal role.

The detailed institutional structure of RUSA is also presented in the document released by MHRD, but it was decided by without discussing with the stakeholders. At the national level, the scheme will be implemented by the RUSA Mission Authority and assisted by the Project Advisory Group, Technical Support Group and Project Directorate. The main agency through which RUSA will work in the States will be the State Higher Education Council (SHEC), an autonomous body that will function at an arm's length from the state and central governments. It may be immediately created through an executive order issued by the States, but which must be accorded statutory status within 5 years. RUSA has suggested a composition and structure for the Council. The Council will be expected to perform planning, monitoring & evaluation, quality assurance and academic functions, as well as advisory and funding functions. It will plan for the development of higher education at the state level and the State Higher Education Plan prepared by it would constitute the main instrument to guide the entire transformative process in the state higher education sector. SHEC will be assisted by State Project Directorate and Technical Support Group. In order for the State Higher education system to function effectively, States need to setup State Higher Education Councils. State Councils may be formed through an executive order, in the beginning, but within five years they must be converted into statutory bodies by Acts of the State Legislature. The Councils will perform multiple roles such as strategy and planning, monitoring, evaluation etc. Subsequent section would detail the way these councils have to be structured and formed.

It is the commitment of RUSA to encourage private participation in the higher education, but with necessary caution to be exercised against profit objectives or commercialization. It will be possible for the state to mobilize 50% of the State improving our current higher education system as well as in meeting future aspirations. Corporations can collaborate with the academia in contribution through private participation or contributions/ donations etc. The corporate sector as key stakeholder in higher education can play a pivotal role in several ways, with varying funding commitment:

- Direct ownership and management of institutions
- Collaborating with the higher education institutio -ns in research, faculty development, infrastructure creation, student scholarships, and governance.

The organizers of the proposed agency are of the opinion that, latest flagship scheme of the government will pave the way for far reaching reforms at the state level. We are assured that while doing all these reforms in the field of higher education, RUSA will also aim to provide greater autonomy to universities as well as colleges. RUSA is a new agency brought in to play the corporate game in the field of higher education. It is sure that higher education will be in a situation of chaos and confusion that no Government machinery (both Central and State Govt) can solve the problem, because higher education will be will be in the hands of Corporates. The dangerous thing is that RUSA mainly focuses on funding in higher education, according to the whims and fancies of administrators and executives with the involvement of Corporates and thereby making privatization of education easier in all the States of India. To conclude it is suggested that each and every citizen of India, the students, teachers and all the stakeholders should carefully watch what is happening around us to destroy the democratization and universalization of education especially in higher education. And every one of us should bold enough to react against the strategy of agencies and the corporates who are ready to commercialize the entire education system of India.



## കാൽപ്പാടുകൾ

ചരിത്രം ഒരു തുടർച്ചയാണ് പഴയകാല
നേതാക്കളുടെ ചോര പൊടിഞ്ഞ കാല്പാടുകൾ
നോക്കിയാണ് പുതിയ തലമുറ വഴി തേടുന്നത്.
ആലസ്യങ്ങളുടെ നിശ്ശബ്ദതകൾക്കപ്പുറം ഇളകി
മറിഞ്ഞ ചരിത്രത്തിന്റെ കടലിരമ്പം ആവേശമാണ്.
പോർമുഖങ്ങളിൽ പന്തമായ് ജ്വലിച്ചവർ എഴുതുന്ന
പുതിയ പംക്തി കാൽപ്പാടുകൾ
ഈ ലക്കം മുതൽ ആരംഭിക്കുന്നു.
പതറാതെ എന്നും മുന്നോട്ടു പോയ
ആ കാല്പാടുകളെ നമുക്കും പിൻതുടരാം
- ചീഫ് എഡിറ്റർ



# സമരജ്വാലയിൽ വെന്തുരുകിയ നിർവൃതി

**എ.പ്രതാപചന്ദ്രൻ നായർ**
*മുൻ ജനറൽ സെക്രട്ടറി*
*എ.കെ.പി.സി.ടി.എ*



കഴിഞ്ഞ നൂറ്റാണ്ടിന്റെ രണ്ടാം പകുതിയോടെയാണ് കേരളത്തിലെ സ്വകാര്യ കോളേജധ്യാപകന്റെ സമരചരിത്രത്തിലെ ഉജ്ജ്വലമായ ഏടുകൾ പിറവിയെടുത്തത്. അറുപതുകളിലും എഴുപതുകളിലും നടത്തിയ തീവ്രമായ പോരാട്ടങ്ങളിലൂടെയാണ് തീരെ ശോചനീയമായ അവസ്ഥയിൽ നിന്നും പ്രൈവറ്റ് കോളേജധ്യാപകർ കുറേയെങ്കിലും സുരക്ഷിതത്വം കൈവരിച്ചത്. മാനേജർക്ക് തോന്നുമ്പോൾ നിയമനവും പിരിച്ചുവിടലും എന്ന അവസ്ഥ മാറ്റിയെടുക്കാനാണ് കോളേജധ്യാപകർ ആദ്യത്തെ പണിമുടക്ക് നടത്തിയത്. 1968 ൽ നടത്തിയ 7 ദിവസത്തെ ആ പണിമുടക്കിന്റെ ഫലമായി സർവ്വകലാശാല നിയമത്തിൽ സേവനഭദ്രതയുടെ വകുപ്പുകൾ ചേർക്കപ്പെട്ടു. നിയമനം മുതൽ വിരമിക്കൽ വരെയുള്ള കാര്യങ്ങൾക്ക് വ്യവസ്ഥകളുണ്ടായി. തോന്നിയതുപോലെ നടപടികൾ എടുക്കാൻ പറ്റാതായി. മാനേജർക്ക് ഇഷ്ടമുള്ളപ്പോൾ ഇഷ്ടമുള്ള ശമ്പളം നൽകുന്ന രീതി മാറ്റിക്കാൻ നമ്മുടെ മുൻഗാമികൾക്ക് 1971 ൽ രണ്ട് മാസത്തെ പണിമുടക്കും ജയിൽവാസവും വേണ്ടിവന്നു. തുടർന്നുണ്ടായ നിരവധി പ്രതിസന്ധികളെ വിജയകരമായി തരണം ചെയ്യാൻ അവർക്ക് കഴിഞ്ഞതുകൊണ്ടാണ് സർക്കാരിൽ നിന്ന് നേരിട്ടുള്ള ശമ്പളവും പെൻഷനും കൃത്യമായി ലഭിക്കുന്നതിനുള്ള വ്യവസ്ഥകളുണ്ടായത്. നേടിയതൊക്കെ നിലനിർത്താനും മെച്ചപ്പെടുത്താനും കൂട്ടായ പ്രവർത്തനത്തിന്റെ അനിവാര്യത ബോധ്യപ്പെട്ട കാലഘട്ടമായിരുന്നു അത്. 1974 മുതൽ സർവ്വകലാശാല കോളേജ് അധ്യാപകരുടെ അഖിലേന്ത്യാ സംഘടനയായ ഐഫെക്ടോയിൽ എ.കെ.പി.സി.ടി.എ സജീവമായി. സംസ്ഥാനത്തെ സർവ്വകലാശാലയിലെയും സർക്കാർ കോളേജിലെയും അധ്യാപക സംഘടനകളുമായി ചേർന്ന് സമരസമിതി ഉണ്ടാക്കി. കേരളത്തിലെ സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടേതുമായ 54 സംഘടനകളുടെ ഐക്യവേദിയിൽ 1978 ൽ എ.കെ.പി.സി.ടി.എ അംഗമായി. ഐക്യവേദിയുടെ നേതൃത്വത്തിൽ നടന്ന 1979 ഡിസംബർ 5 ന്റെ സൂചനാ പണിമുടക്കിൽ പങ്കെടുത്തു.

നിയമാധിഷ്ഠിത സേവനഭദ്രതയും സർക്കാരിൽ നിന്നും നേരിട്ടുള്ള ശമ്പളവും നേടിക്കൊണ്ട് സഹോദരപ്രസ്ഥാനങ്ങളുമായി ശക്തമായ ഐക്യമുന്നണി പടുത്തുയർത്തി സമരസജ്ജമായി നിൽക്കുന്ന എ.കെ.പി.സി.ടി.എ യിൽ 1979 ലാണ് ഞാൻ അംഗമാവുന്നത്. തുടർന്ന് നിരവധി പ്രക്ഷോഭങ്ങളിലും പണിമുടക്കുകളിലും ചർച്ചകളിലും സമ്മേളനങ്ങളിലും പങ്കെടുക്കാൻ അവസരമുണ്ടായി. മട്ടന്നൂർ, മഞ്ചേരി, നിലമേൽ, ധനുവച്ചപുരം കോളേജുകളിൽ ബ്രാഞ്ച് സെക്രട്ടറിയായും കണ്ണൂർ,

മലപ്പുറം, കൊല്ലം ജില്ലകളിൽ ജില്ലാ സെക്രട്ടറിയായും എൻ.എസ്.എസ് കോളേജ് ടീച്ചേഴ്സ് കോർഡിനേഷൻ കൗൺസിൽ സെക്രട്ടറിയായും എകെപി.സി.ടി.എ സംസ്ഥാന സെക്രട്ടറി (കേരള സർവ്വകലാശാല മേഖല) യായും ജനറൽ സെക്രട്ടറിയായും പ്രവർത്തിക്കാൻ അവസരം ലഭിച്ചു. ഒരു തവണ രജിസ്ട്രേഡ് ഗ്രാഡ്വേറ്റ് മണ്ഡലത്തിൽ നിന്നും രണ്ടുതവണ കോളേജ് അധ്യാപക മണ്ഡലത്തിൽ നിന്നും എ.കെ.പി.സി.ടി.എ പ്രതിനിധിയായി കേരള സർവ്വകലാശാല സെനറ്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ഇതിൽ അവസാനഘട്ടത്തിൽ കേരള സർവ്വകലാശാല സിൻഡിക്കേറ്റിലേക്കും തെരഞ്ഞെടുക്കപ്പെട്ടു. 'കേരള പ്രൈവറ്റ് കോളേജ് ടീച്ചർ' മാസികയുടെ മാനേജിംഗ് എഡിറ്ററായും . ചീഫ് എഡിറ്ററായും പ്രവർത്തിക്കാനും നിയോഗമുണ്ടായി. ആ കാലഘട്ടത്തിലാണ് ലറ്റർപ്രസ്സിൽ നിന്നും ഓഫ്സെറ്റിലേക്ക് നമ്മുടെ മാസിക മാറിയത്. എന്റെ എ.കെ.പി.സി.ടി.എ ജീവിതത്തിൽ ഓർമ്മിച്ചെടുക്കാൻ ഒരുപാടൊരുപാട് സംഭവങ്ങളുണ്ട്. അത്തരം സ്മരണകളുടെ തള്ളിച്ചയെ സ്ഥലപരിമിതി വരിഞ്ഞുമുറുക്കുകയാണ്. എന്നാലും ചില സൂചനകൾ അസ്ഥാനത്താകില്ല എന്നുകരുതുന്നു.

നിഷേധിക്കപ്പെട്ട മൂന്നാം യു.ജി.സി ശമ്പളപരിഷ്കാരം നേടിയെടുക്കാൻ വേണ്ടി 1981 ഫെബ്രുവരി 4 മുതൽ മാർച്ച് ഒന്നുവരെ നടന്ന അനിശ്ചിതകാല സമരം സംഘടനയുടെ ഭാവിയും ദിശയും നിർണ്ണയിക്കുന്നതിൽ ഏറെ സംഭാവന നൽകുകയുണ്ടായി. കോളേജ് അധ്യാപകർക്ക് യു.ജി.സി ശമ്പളം നൽകിയാൽ സർക്കാർ ജീവനക്കാരുടെ ശമ്പളഘടനയാകെ പ്രതിസന്ധിയിലാകുമെന്ന വാദം സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ഇതരമേഖലയിലെ തൊഴിലാളികളുടെയും കലവറയില്ലാത്ത പിന്തുണയും സഹായവും സമരത്തിനുണ്ടായതോടുകൂടി ദുർബലപ്പെട്ടുപോയി. യു.ജി.സി തത്വത്തിൽ അംഗീകരിക്കപ്പെടുകയും വെക്കേഷൻ നഷ്ടപ്പെടുത്തിയുള്ള പരീക്ഷാജോലിക്ക് ഏൺഡ് ലീവ് അനുവദിക്കപ്പെടുകയും മുൻകാല സർവ്വീസുകൾ പ്രമോഷന് പരിഗണിക്കപ്പെടുകയും ചെയ്തു. കോളേജുകളിൽ ആദ്യമായി നോൺ കേഡർ ഫസ്റ്റ് ഗ്രേഡ് പ്രൊഫസർ തസ്തിക അനുവദിച്ചു. തോട്ടികളും തൂപ്പുകാരുമുൾപ്പെടുന്ന ജീവനക്കാരുടെ സംഘടനകളുടെ ഐക്യവേദിയുമായി കൈകോർക്കുന്ന എ.കെ.പി.സി.ടി.എ നേതൃത്വത്തിന്റെ നിലപാട് കോളേജധ്യാപകന്റെ അന്തസ്സിന് യോജിച്ചതല്ലായെന്ന് വാദിച്ചിരുന്ന ഒരുവിഭാഗം യുജിസി ശമ്പളം നേടാതെ സമരം പിൻവലിച്ചതിന്റെ പേരിൽ സംഘടനയ്ക്കകത്ത് വിഭാഗീയതയുടെ ശബ്ദം ഉയർത്തുകയും സംഘടന വിട്ടുപോവുകയും ചെയ്തു. തൊഴിലെടുത്ത് ഉപജീവനം നടത്തുന്നവരുടെ ഐക്യപ്രസ്ഥാനം ശക്തി പ്രാപിക്കുകയും കാലക്രമേണ എകെപിസിടിഎ അതിന്റെ മുന്നണി പോരാളിയായി മാറുകയും ചെയ്തു. 5 വർഷത്തിലൊരിക്കൽ ശമ്പളപരിഷ്കാരമെന്നത് അട്ടിമറിക്കുന്നതിനെതിരെ നടന്ന സംസ്ഥാന ജീവനക്കാരുടെയും അധ്യാപകരുടെയും അനിശ്ചിതകാല സമരത്തിൽ (1985 ആഗസ്ത് 7 - ആഗസ്ത് 18) എ.കെ.പി.സി.ടി.എ സജീവ പങ്കാളിയായിരുന്നു. പൂർണ്ണ വിജയത്തിലെത്തിയ പ്രസ്തുത സമരത്തിന്റെ ഫലമായി കോളേജധ്യാപന്റെ ശമ്പളവും 1983 ജൂലൈ 1 മുതൽ പരിഷ്കരിച്ചുകിട്ടി.

ദേശീയനയത്തിന്റെ മറവിൽ കച്ചവടലാക്കോടെ പ്രീഡിഗ്രിബോർഡ് കൊണ്ടുവന്ന് കോളേജുകളെ വെട്ടിമുറിച്ച് പകുതിയോളം അധ്യാപകരെ കോളേജധ്യാപകരല്ലാതാക്കുന്ന സർക്കാരിന്റെ നീക്കത്തിനെതിരെ അതിശക്തമായ പോരാട്ടമാണ് 1986 ൽ കേരളം കണ്ടത്. അനിശ്ചിതകാല നിരാഹാരസമരവും അനിശ്ചിതകാല പണിമുടക്കും (1986 ജൂൺ 11 - ജൂലൈ 4) നടന്നു. വിദ്യാഭ്യാസരംഗത്തെ ഈ പ്രശ്നത്തിൽ കേരളമാകെ ഇളകിമറിഞ്ഞപ്പോൾ സംസ്ഥാനഭരണം ആടിയുലഞ്ഞു. സർക്കാരിന് നിൽക്കക്കള്ളിയില്ലാതായി. പ്രീഡിഗ്രി ബോർഡ് 'ഫ്രീസറി'ലായി. വിദ്യാഭ്യാസരംഗത്ത് അധ്യാപകരുടെയും ജീവനക്കാരുടെയും ഈ സമരത്തെ കാത്തുരക്ഷിച്ച് വിജയിപ്പിച്ച സഹോദരപ്രസ്ഥാനങ്ങളോടുള്ള കടപ്പാട് ഒരിക്കലും അവസാനിക്കുന്നതല്ല. അതോടനുബന്ധിച്ച്, കണ്ണൂർ സ്റ്റേഡിയം കോർണറിലെ ആദ്യ സത്യാഗ്രഹസമരത്തിൽ പങ്കെടുത്തപ്പോൾ സഹോദരപ്രസ്ഥാനങ്ങളുടെ ജാഗ്രത ആവോളം അനുഭവിച്ചറിയാനുള്ള അവസരം അന്നെനിക്ക് ലഭിച്ചു.



നാലാം യുജിസിക്കുവേണ്ടി ഐഫക്ടോയുടെ നേതൃത്വത്തിൽ 1987 ആഗസ്ത് 4 മുതൽ സെപ്തംബർ 4 വരെ അഖിലേന്ത്യാതലത്തിൽ നടന്ന സമരം കേരളത്തിൽ വൻ വിജയമാക്കി മാറ്റാൻ നമുക്ക് കഴിഞ്ഞു. കേരളത്തിലില്ലാത്ത യു.ജി.സിക്കു വേണ്ടി ഇവിടെ നടത്തുന്ന സമരമാണെന്ന് കോൺഗ്രസ് അനുകൂല അധ്യാപക സംഘടനകൾ പ്രചരിപ്പിച്ചുവെങ്കിലും അവർ ഒറ്റപ്പെട്ടുപോയി. കേന്ദ്രസർക്കാരിന്റെ ഉത്തരവ് വന്നപ്പോൾ ഇവിടെ പ്രതിസന്ധിയായി; കേന്ദ്രസഹായം യുജി-പിജി തസ്തികകൾക്ക് മാത്രം. എല്ലാ കോളേജധ്യാപകരെയും യുജിസി പരിധിയിൽ കൊണ്ടുവരുന്നതിനായി 1990 മാർച്ചിൽ ഇവിടെ സമരം വേണ്ടിവന്നു. കോളേജധ്യാപകരെ 52% (സ്കീം), 48% (സ്കെയിൽ) എന്ന് രണ്ട് വിഭാഗമാക്കുകയും 48% ന് 8 വർഷം തികയുമ്പോൾ യുജിസി സ്കെയിൽ ലഭിക്കുമെന്നുമുള്ള അവസ്ഥ വന്നു. പല അധ്യാപകരുടെയും ശമ്പളം തടയുകയും പ്രമോഷൻ നിഷേധിക്കുകയും ചെയ്തു. ഈ സങ്കീർണ്ണമായ ഘട്ടത്തിലാണ് ഏകീകൃത സർവ്വകലാശാല നിയമം കൊണ്ടുവന്ന് സർവ്വകലാശാലകളുടെ ജനാധിപത്യ സ്വഭാവം അട്ടിമറിക്കാനും, പകുതിയോളം അധ്യാപകരെ അധികമാണെന്ന് വരുത്തിത്തീർക്കാനും അവർക്കുള്ള ആനുകൂല്യങ്ങൾ നിഷേധിക്കാനും നീക്കമുണ്ടായത്.

ആഗോളവത്ക്കരണ-ഉദാരവത്ക്കരണ സ്വകാര്യവത്ക്കരണ നയങ്ങളുടെ ഭാഗമായി സർക്കാരിന് വിദ്യാഭ്യാസ രംഗത്തുള്ള ബാധ്യതകളെ കുറച്ചുകൊണ്ടുവരാനുള്ള നീക്കവുമുണ്ടായി. സ്വാശ്രയ സ്ഥാപനങ്ങളും കോഴ്സുകളും താൽകാലിക നിയമനങ്ങളും വ്യാപകമാക്കാനുള്ള ശ്രമവുണ്ടായി. അധ്യാപകന്റെ അക്കാദമിക് സ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങിടാനായി ശമ്പളബില്ലിനോടൊപ്പം ഓരോ അദ്ധ്യാപകനും പ്രതിമാസ റിപ്പോർട്ട് നൽകണമെന്ന് 1994 ൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കുലർ ഇറക്കി. ഇതു മാറ്റിക്കിട്ടാൻ എ.കെ.പി.സി.ടി.എ യ്ക്ക് സെക്രട്ടറിയേറ്റിന് മുമ്പിലും ഡി.സി.എ യുടെ മുമ്പിലും ധർണ്ണ നടത്തേണ്ടി വന്നു.

അഞ്ചാം യു.ജി.സി ശമ്പളപരിഷ്കരണത്തിനു



വേണ്ടിയുള്ള അഖിലേന്ത്യാ സമരം (1998 ആഗസ്ത് 11 - സെപ്തംബർ 5) കേരളത്തിൽ വമ്പിച്ച വിജയമാക്കാൻ നമുക്ക് കഴിഞ്ഞു. ഇവിടെ ഇത് നടപ്പിലാക്കിക്കിട്ടാൻ മറ്റൊരു പണിമുടക്ക് വേണ്ടിവന്നില്ലെങ്കിലും ആഴ്ചയിൽ 6 പ്രവൃത്തിദിവസമെന്നതും 9 മുതൽ 4.30 വരെ പ്രവൃത്തിസമയമെന്നതും 16 മണിക്കൂർ ജോലിഭാരമെന്നതും നമ്മെ വല്ലാതെ പ്രതിസന്ധിയിൽ കൊണ്ടെത്തിച്ചു. അതിശക്തമായ പ്രതിരോധവും പ്രതിഷേധവും നടത്തിയതിന്റെ ഫലമായി നടന്ന ചർച്ചയിലൂടെ പഞ്ചദിന ആഴ്ചയും പഴയ സമയക്രമവും പുന:സ്ഥാപിക്കപ്പെട്ടു. സർവ്വകലാശാല നിയമങ്ങൾ പരിചയാക്കിക്കൊണ്ട് നാം ചെറുത്തു നിൽക്കുന്നുണ്ടെങ്കിലും 16 മണിക്കൂർ കാര്യം സർക്കാർതലത്തിൽ മാറ്റം വരുത്തുകയുണ്ടായില്ല. പരീക്ഷാ ജോലി അധ്യാപകന്റെ ജോലിയുടെ ഭാഗമാണെന്ന വകുപ്പ് ഉണ്ടാക്കിയ പൊല്ലാപ്പുകൾ ചില്ലറയല്ല. 'വർക്ക്ഡയറി' കൊണ്ടുവരാനുള്ള ശ്രമവും സംഘടനയുടെ ഉറച്ച നിലപാട് കാരണം പാളിപ്പോയി. ഡി.സി.ഇ ഓഫീസിലെ നിർദ്ദേശാനുസരണം ഉദ്യോഗസ്ഥർക്ക് കോളേജുകളിൽ അക്കാദമിക് മോണിറ്ററിംഗ് നടത്താനുള്ള നീക്കവും കോളേജുകളിൽ ഉദ്യോഗസ്ഥരെ തടഞ്ഞുകൊണ്ടു തന്നെ നാം പരാജയപ്പെടുത്തുകയുണ്ടായി. അതേസമയം സ്കീം-സ്കെയിൽ വ്യത്യാസം ഇല്ലാതാക്കിയും ആറു വർഷം സർവ്വീസ് തികയുന്ന മുറയ്ക്ക് എല്ലാ അധ്യാപകരും യുജിസി ശമ്പളത്തിൽ എത്തുമെന്നതും പുതിയ നിയമനങ്ങളെല്ലാം സ്കീമിലായിരിക്കുമെന്നതും നമ്മെ സംബന്ധിച്ച് ആശ്വാസകരമായിരുന്നു.

പ്രീഡിഗ്രി കോളേജുകളിൽ നിന്നും ഘട്ടം ഘട്ടമായി മാറ്റാവുന്നതാണെന്നും അപ്പോൾ ഉണ്ടാവുന്ന സൗകര്യങ്ങൾ ഉപയോഗിച്ച് പുതിയ കോഴ്സുകൾ അനുവദിച്ച് ഉന്നതവിദ്യാഭ്യാസം വിപുലപ്പെടുത്തേണ്ടതും ശക്തിപ്പെടുത്തേണ്ടതുമാണെന്ന് എ.കെ.പി.സി.ടി.എ നിർദ്ദേശിച്ചിരുന്നു. ഈ നിർദ്ദേശം അംഗീകരിക്കപ്പെട്ടെങ്കിലും നടപ്പിലാക്കുന്നതിൽ വന്ന വൈകല്യം കാരണം അധിക അധ്യാപകരുടെ പ്രശ്നം സങ്കീർണ്ണമായി. കോളേജുകളിൽ അധ്യാപകരെ 4 വിഭാഗമായി തരംതിരിച്ച് 2000 ഒക്ടോബറിൽ ഉത്തരവുണ്ടായി;-

(1). ജൂനിയർ ലക്ചേർസ്, (2). 48% (പ്രീഡിഗ്രി അധ്യാപകർ), (3). 52% (യു.ജി.സി അധ്യാപകർ), (4). ക്ലെയിം ഹോൾഡേർസ്. അധിക അധ്യാപകരെ പുനർവിന്യസിക്കേണ്ടത് അനിവാര്യമാണെന്ന ഘട്ടം വന്നപ്പോൾ ആരെയും നിർബന്ധിച്ച് സ്കൂളിലയക്കാൻ അനുവദിക്കില്ലെന്ന് സംഘടന നിലപാടെടുത്തു. തന്റെ സൗകര്യാർത്ഥം സ്വയം തയ്യാറായവരൊഴികെ മറ്റെല്ലാവരെയും കോളേജുകളിൽത്തന്നെ നിലനിർത്തിക്കിട്ടാൻ സംഘടന ജാഗ്രതയോടെ ഇടപെടുകയുണ്ടായി. 2001 ജൂണിൽ യു.ഡി.എഫ് സർക്കാർ ഇറക്കിയ ധവളപത്രത്തിൽ 5000 അധ്യാപകർ കോളേജുകളിൽ വെറുതെയിരുന്ന് ശമ്പളം വാങ്ങുന്നു എന്ന വ്യാജപ്രസ്താവന വന്നു. ഇതിനെതിരെ അതിശക്തമായ രീതിയിൽത്തന്നെ നാം പ്രതികരിക്കുകയുണ്ടായി. വീണ്ടും 2005 ലാണ് ഈ പ്രശ്നം പൊന്തിവന്നത്. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലേക്ക് 250 അധ്യാപകരെ പുനർവിന്യസിച്ചുകൊണ്ട് ഉത്തരവ് വന്നെങ്കിലും സംഘടനയുടെ മുൻകൈയ്യിൽ ഹൈക്കോടതിയിൽ കേസ് നടത്തി; കോളേജിൽ തുടരാൻ ആഗ്രഹിച്ചവർക്കെല്ലാം അതാത് കോളേജിൽ തന്നെ ജോലി ചെയ്യാൻ കഴിയുകയും ചെയ്തു.

സംസ്ഥാന ജീവനക്കാർക്കും അധ്യാപകർക്കും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനാലാണ് സർക്കാർ ഖജനാവ് കാലിയാകുന്നതെന്നും സർക്കാർ പ്രവർത്തനമാകെ പ്രതിസന്ധിയിലാകുന്നതെന്നും പ്രചണ്ഡമായ പ്രചാരണം നടത്തിക്കൊണ്ടാണ് എ.കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള സർക്കാർ, ജീവനക്കാരുടെയും അധ്യാപകരുടെയും സേവന-വേതന ഘടനയാകെ അട്ടിമറിക്കുന്ന ഒരു ഉത്തരവ് 2002 ജനുവരിയിൽ പുറപ്പെടുവിച്ചത്. അടിസ്ഥാന ശമ്പളം മാത്രം നൽകാനും പെൻഷൻ നിർത്തലാക്കാനും സറണ്ടർ ആനുകൂല്യങ്ങൾ മരവിപ്പിക്കാനും ഓഫ് ഡ്യൂട്ടി സർവ്വീസ് ഏർപ്പെടുത്താനും അധികമായവർക്ക് 50% ശമ്പളം നൽകി സർവ്വീസിൽ നിന്ന് മാറ്റി നിർത്താനും ഒരു വർഷത്തിനകം ഒഴിവ് വന്നില്ലെങ്കിൽ പിരിച്ചുവിടാനും മറ്റുമാണ് ഉത്തരവിൽ ഉണ്ടായിരുന്നത്. ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ അധ്യാപകരുടെയും ജീവനക്കാരുടെയും സംഘടനകളെല്ലാം സമരത്തിനിറങ്ങി. 2002 ഫെബ്രുവരി 6 ന് തുടങ്ങിയ പണിമുടക്ക് സമരം മാർച്ച് 9 നാണ് അവസാനിച്ചത്. ഈ സമരത്തിൽ പങ്കെടുക്കാത്ത ഒരേ ഒരു സംഘടന കെ.പി.സി.ടി.എ മാത്രമായിരുന്നു. കോളേജധ്യാപകരെ ബാധിക്കുന്നതൊന്നും ഈ ഉത്തരവിൽ ഇല്ലെന്നാണ് അവർ പ്രചരിപ്പിച്ചത്. നമ്മുടെ നിരവധി അധ്യാപകരെ അറസ്റ്റ് ചെയ്യുകയും തടങ്കലിൽ വെക്കുകയും ചെയ്തു. തിരുവനന്തപുരം ഓൾ സെയിന്റ്സ് കോളേജ് പിക്കറ്റ് ചെയ്തതിന് നമ്മുടെ മൂന്ന് വനിതാ നേതാക്കളെ അറസ്റ്റ് ചെയ്തു തിരുവനന്തപുരം കന്റോൺമെന്റ് സ്റ്റേഷനിൽ തടങ്കലിൽ വെച്ചു. എം.എൽ.എമാരും രാഷ്ട്രീയപാർട്ടി നേതാക്കളും മണിക്കൂറുകളോളം സ്റ്റേഷനിൽ കുത്തിയിരിപ്പ് സമരം നടത്തിയശേഷമാണ് പാതിരാത്രിയോടെ മൂന്ന് അധ്യാപികമാർക്കും ജാമ്യം ലഭിച്ചത്. സമാനതകളില്ലാത്ത ഈ സമരത്തെത്തുടർന്ന് സർക്കാരിന് ഉത്തരവ് പിൻവലിക്കേണ്ടിവന്നു. എ.കെ.പി.സി.ടി.എ യുടെ ജനറൽ സെക്രട്ടറി എന്ന നിലയിൽ സമരസമിതിയുടെ സംസ്ഥാന കമ്മിറ്റി അംഗമായിരുന്ന എനിക്ക് അന്ന് ലഭിച്ച സമരാനുഭവങ്ങൾ വിലമതിക്കാനാകാത്തതാണ്.

1993 ൽ അട്ടത്ത് വെക്കേണ്ടിവന്നുവെങ്കിലും 2003 ൽ വീണ്ടും ഏകീകൃത സർവ്വകലാശാലാ നിയമം മറ്റൊരു രീതിയിൽ കൊണ്ടുവന്നു. അതിലെ ജനാധിപത്യവിരുദ്ധവും വിദ്യാഭ്യാസവിരുദ്ധവുമായ കാര്യങ്ങൾ പൊതുജനശ്രദ്ധയിൽ നാം കൊണ്ടുവന്നു. 2003 ജൂൺ 14 ന് നാം സംഘടിപ്പിച്ച വിദ്യാഭ്യാസ അസംബ്ലിയിൽ നാനാതുറയിലുള്ളവരുടെ പങ്കാളിത്തമുണ്ടായി. ഈ നിയമത്തിനെതിരെ സെക്രട്ടറിയേറ്റിനു മുമ്പിൽ നാം നിരാഹാര സമരം സംഘടിപ്പിക്കുകയും ചെയ്തു. എന്തായാലും നിയമം

വീണ്ടും വൃഥാവിലായി. ഇതേ വർഷത്തിൽ തന്നെയാണ് തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിനുൾപ്പടെ എഞ്ചിനീയറിംഗ് കോളേജുകൾക്ക് സ്വയംഭരണം നൽകുന്നതിന് സർക്കാർ നീക്കം നടത്തിയത്. ലോകബാങ്കിന്റെ പ്രേരണയിൽ പ്രലോഭനവും ഉണ്ടായിരുന്നു. സ്വയംഭരണമല്ല സ്വാശ്രയമാണ് സർക്കാർ ലക്ഷ്യമെന്ന് തിരിച്ചറിഞ്ഞതോടെ ശക്തമായ പ്രതിഷേധസമരങ്ങൾ ഉയർന്നുവന്നു. മുൻപന്തിയിൽ തന്നെ എകെപിസിടിഎ ഉണ്ടായിരുന്നു. ഇവിടെയും സർക്കാരിന്റെ താൽപര്യങ്ങൾ നടക്കാതെ പോയി.

എംജി. യൂണിവേഴ്സിറ്റിയുടെ ഓഫ് ക്യാമ്പസ് സെന്ററുകൾക്കെതിരെയും എയ്ഡഡ് കോളേജുകളിലെ അൺ എയ്ഡഡ് കോഴ്സുകൾക്കെതിരെയും കോളേജുകളിലെ അഡ്മിഷൻ അഴിമതിക്കെതിരെയും വിട്ടുവീഴ്ചയില്ലാത്ത പോരാട്ടം എകെപിസിടിഎ നടത്തിയിട്ടുണ്ട്. ഇതിനായി കലാലയ സംരക്ഷണ സമിതിക്ക് സംഘടന രൂപം നൽകുകയും കുറേയേറെ ഇടപെടൽ നടത്തുകയും ചെയ്തു. കോർപ്പറേറ്റ് മാനേജ്മെന്റ് കോളേജുകളിലെ അധ്യാപകരെ സ്ഥലംമാറ്റി ദ്രോഹിച്ച് രസിക്കുന്ന ഒരു പരിപാടി മാനേജർമാർ സ്ഥിരമായി നടത്തിവരികയായിരുന്നു. അതിനെതിരെ സംഘടന പ്രത്യക്ഷമായും പരോക്ഷമായും നിരവധി സമരപരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. സ്ഥലംമാറ്റ നിയമങ്ങൾ നടപ്പിലാക്കിക്കിട്ടുന്നതിനു വേണ്ടി ഹൈക്കോടതിയിലും സുപ്രീംകോടതിയിലുമൊക്കെ കേസ് നടത്തിയിട്ടുണ്ട്. കോടതിയിൽ നിന്നും ലഭിച്ച അനുകൂല വിധി ഉപയോഗിച്ച് ശക്തമായ ഇടപെടൽ സംഘടന നടത്തിയതുകാരണമാണ് 1988 ൽ അന്തർ സർവ്വകലാശാല സ്ഥലംമാറ്റ നിയമങ്ങളും 1998 ൽ യൂണിവേഴ്സിറ്റിക്കകത്തുള്ള സ്ഥലംമാറ്റ നിയമങ്ങളും നടപ്പിലായത്. അതോടെ ഏത് കോളേജിൽ പണിയെടുക്കണമെന്ന് തീരുമാനിക്കാനുള്ള അവകാശം അധ്യാപകന് ലഭിച്ചു.

ഞാൻ സർവ്വീസിൽ വരുന്ന 1979 നും പിരിയുന്ന 2008 നും ഇടയിൽ നിരവധി അധ്യാപകരുടെ പേരിൽ മാനേജർമാർ അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചിലരെ പുറത്താക്കാൻ ശ്രമിക്കുകയും ചെയ്തു. പക്ഷെ ഈ കാലഘട്ടത്തിൽ ഒരു മാനേജർക്കും ഒരു എ.കെ.പി.സി.ടി.എക്കാരനെയും പുറത്താക്കാൻ കഴിഞ്ഞില്ല. ഏകീകൃത സർവ്വകലാശാല നിയമത്തിനെതിരെ എ.കെ.പി.സി.ടി.എയുടെ ആഹ്വാനമനുസരിച്ച് കോളേജുപടിക്കൽ ധർണ്ണയിരുന്ന എ.കെ.പി.സി.ടി.എ പ്രസിഡണ്ട് തോമസ് ജോസഫിനെ സസ്പെന്റ് ചെയ്യുകയും പിരിച്ചുവിടാൻ ശ്രമിക്കുകയും ചെയ്തു. പ്രത്യക്ഷസമര പരിപാടിയിലൂടെയും ഹൈക്കോടതിയിലെ കേസിലൂടെയും മാനേജർക്ക് പത്തിമടക്കേണ്ടിവന്നു. എ.കെ.പി.സി.ടി.എ ആഹ്വാനം ചെയ്ത സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ തന്നെയാണ് പഴഞ്ഞി എം.സി കോളേജിലെ കെ. എൻ. രംഗനായകി ടീച്ചറിനെ പുറത്താക്കാൻ മാനേജർ തീരുമാനിച്ചത്. സംസ്കൃതത്തിന് പുതുതായി കുട്ടികളെ ചേർക്കാതെ തസ്തിക നഷ്ടപ്പെടുത്തി പുറത്താക്കാമെന്നാണ് മാനേജർ കരുതിയത്. സംഘടനയുടെ ഉചിതമായ ഇടപെടലിലൂടെ കോളേജിൽ സംസ്കൃതത്തിന് കുട്ടികളെ അഡ്മിറ്റ് ചെയ്യേണ്ടിവന്നു. മാനേജരുടെ അഴിമതിക്ക് കൂട്ടുനിൽക്കാത്ത ടി.കെ.എം കോളേജിലെ മാത്സ് അധ്യാപകനായ മുഹമ്മദ് യൂസഫ് സസ്പെന്റ് ചെയ്യപ്പെട്ടെങ്കിലും യൂണിവേഴ്സിറ്റിയിലൂടെയുള്ള സംഘടനയുടെ ഇടപെടലിലൂടെ സസ്പെൻഷൻ അസാധുവാക്കപ്പെട്ടു. 2005 ൽ സെബാസ്റ്റ്യൻ കെ. ആന്റണിയെ മാനേജർ സസ്പെന്റ് ചെയ്തപ്പോൾ കോളേജിനു മുന്നിലെ അനിശ്ചിതകാല ധർണ്ണയുടെയും മധ്യസ്ഥരുടെ ചർച്ചയുടെയും ഫലമായി സസ്പെൻഷൻ പിൻവലിക്കപ്പെട്ടു. മാനേജ്മെന്റ് പിരിച്ചുവിട്ട എസ്. സുധീഷ് തിരിച്ചുകയറാൻ കഴിഞ്ഞത് പ്രത്യക്ഷത്തിലും കോടതിയിലും നടത്തിയ പോരാട്ടങ്ങളിലൂടെയാണ്. ഇവിടെയെല്ലാം അധ്യാപകരുടെ രക്ഷയ്ക്കെത്തിയത് സർവ്വകലാശാലാ നിയമങ്ങളും സംഘടനയുടെ ഉചിതമായ ഇടപെടലുമാണെന്ന് കാണാൻ കഴിയും. ഈ കാലഘട്ടത്തിൽ സർവ്വകലാശാലയുടെ ഡെസ്കിലും സിന്റിക്കേറ്റിലും തെരഞ്ഞെടുപ്പിലൂടെ എത്താൻ കഴിയുന്ന വലിയൊരു വിഭാഗമാണ് എ.കെ.പി.സി.ടി.എ എന്നത് സ്വകാര്യ കോളേജ് അധ്യാപകരുടെ സേവന-വേതന കാര്യങ്ങളും അക്കാദമിക് താൽപര്യവും സംരക്ഷിക്കുന്നതിൽ വലിയൊരു പങ്ക് വഹിച്ചിട്ടുണ്ട് എന്നത് വ്യക്തമാണ്.

നാലാം യുജി.സി ശമ്പളപരിഷ്കാരം നടപ്പിലാക്കിയതോടുകൂടിയാണ് എ.കെ.പി.സി.ടി.എ യുടെ അക്കാദമിക് പ്രവർത്തനം സജീവമായത്. 1992 മുതൽ എല്ലാ വർഷവും ഉന്നതവിദ്യാഭ്യാസ രംഗത്തെ പ്രധാന ചലനങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള സെമിനാറുകളും പഠനങ്ങളും സംഘടിപ്പിക്കാറുണ്ട്. 1994-96 കാലഘട്ടത്തിലാണ് എ.കെ.പി.സി.ടി.എ യുടെ വിദ്യാഭ്യാസ നയം രൂപപ്പെടുന്നത്. 1996 ലെ സംസ്ഥാന സമ്മേളനത്തിൽവെച്ച് വിദ്യാഭ്യാസ നയരേഖ അംഗീകരിച്ച് പ്രഖ്യാപിച്ചു. ഓരോ വിഷയത്തിലുമുള്ള വർക്ക്ഷോപ്പുകളും പരീക്ഷാ പരിഷ്കരണം സംബന്ധിച്ച സെമിനാറുകളും ഉന്നതവിദ്യാഭ്യാസമേഖലയെ സംബന്ധിച്ച കോളോക്യവും സ്വകാര്യ സാങ്കേതികവിദ്യാഭ്യാസത്തിൽ ജനകീയ കൺവെൻഷനും എ.കെ.പി.സി.ടി.എ സംഘടിപ്പിക്കുകയുണ്ടായി.

അക്കാദമിക് കൗൺസിലിനെയും അക്കാദമിക് കമ്മിറ്റിയെയും എ.കെ.പി.സി.ടി.എ ഭരണഘടനയിൽ ഉൾപ്പെടുത്തിയത് 1997 ൽ ആണ്. അക്കാദമിക് കമ്മിറ്റി കൺവീനർ ദീർഘകാലമായി പ്രവർത്തകസമിതിയിലെ പ്രത്യേക ക്ഷണിതാവാണ്.

വനിതാകോളേജിൽ സംഘടനയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും വനിതകളുടേതായ പ്രത്യേക പ്രശ്നങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അത് സംഘടനയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുമായാണ് തൊണ്ണൂറുകളിൽ വനിതാ സബ്കമ്മിറ്റി രൂപീകരിച്ചത്. സബ് കമ്മിറ്റി കൺവീനർ വർഷങ്ങളായി പ്രവർത്തകസമിതിയിലെ പ്രത്യേക ക്ഷണിതാവാണ്.

ഇതേ കാലഘട്ടത്തിൽ തന്നെയാണ് സർവ്വീസ് പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ സർവ്വീസ് സെല്ലും ഹൈക്കോടതിയിലെ കേസ്സുകൾ കൈകാര്യം ചെയ്യാൻ ലീഗൽ സെല്ലും രൂപീകരിക്കപ്പെട്ടത്. ഈ സെല്ലുകളുടെ കൺവീനർമാർ പ്രവർത്തകസമിതിയിൽ അംഗങ്ങളായോ പ്രത്യേക ക്ഷണിതാക്കളായോ പങ്കെടുക്കാറുണ്ട്.

സംഘടനയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് തലസ്ഥാനത്ത് ഒരു ഓഫീസിന്റെ അനിവാര്യത ദീർഘകാലം സംഘടനയിൽ ചർച്ച ചെയ്യപ്പെട്ടിരുന്നു. പ്രൊഫ. പി. നരേന്ദ്രൻ ജനറൽ സെക്രട്ടറി ആയിരുന്ന കാലത്താണ് 11.05.1987 ൽ വഞ്ചിയൂരിൽ ഒരു വാടകകെട്ടിടത്തിൽ സംസ്ഥാന കമ്മിറ്റി ഓഫീസ് പ്രൊഫ. ആർ.ആർ.സി ഉദ്ഘാടനം ചെയ്തത്. അതിനടുത്ത് തന്നെ 1992 ൽ വിലയ്ക്കുവാങ്ങിയ ആറ് സെന്റ് സ്ഥലത്ത് നമ്മുടെ ചിരകാലസ്വപ്നമായ സ്വന്തം ഓഫീസ് മന്ദിരം രണ്ട് നിലയുടെ പണിപൂർത്തിയായപ്പോൾ 1996 മാർച്ച് 11 ന് സമാദരണീയനായ സ. ഇഎംഎസ് ഉദ്ഘാടനം ചെയ്തു. മൂന്നാം നിലയിലെ എസി കോൺഫറൻസ് ഹാൾ 2006 ൽ അന്നത്തെ വിദ്യാഭ്യാസമന്ത്രി സ. എം.എ. ബേബിയാണ് ഉദ്ഘാടനം ചെയ്തത്. ആധുനിക സൗകര്യങ്ങളുള്ള ഈ മന്ദിരം കോളേജധ്യാപക പ്രസ്ഥാനത്തിന് മുതൽക്കൂട്ടുതന്നെയാണ്. ഇതിനുള്ള സ്ഥലം വാങ്ങുന്നതുമുതൽ കോൺഫറൻസ് ഹാളിന്റെ പൂർത്തീകരണം വരെ ബന്ധപ്പെട്ട് പ്രവർത്തിക്കാൻ കഴിഞ്ഞതിൽ എ.കെ.പി.സി.ടി.എക്കാരൻ എന്ന നിലയിൽ എനിക്ക് ചാരിതാർത്ഥ്യമുണ്ട്.



*Narendra Dabholkar*

# Fascist Intolerance: the precarious predicament of a secular nation

**Sreekantan Nair**
*VTM NSS College, Dhanuvachapuram*



All religions are similar. They preach peace . At the same time , they practice violence as well and become dissimilar in terms of practicing violence in differentiating degrees and proportions. This contradiction has been there in the history of humanity ever since the very appearance of religion. Violence is breeded in the bed rocks of intolerance. Why do religions spread intolerance? Though in the periphery they seem to be pious and peace loving in its core it is filled with narrow and partisan interests. This interests fall against freedom democracy and even the basic rights of people.It is in the name of this religious intolerance that all scientific spirit and craving for progress and dignity were kept in bay.Really it is cultural fascism where fanatics stretch their teeth for the flesh of innocent people all over the world. Unfortunately ,in India, the pray,this time happened to be Narendra Dabholkar.

The cold blooded killing of Dabholkar in Pune is a black mark on Indian democracy and its civil society. Forces of intolerance, superstition, irrationality and reaction killed him not because he threatened their faith or freedom, but because he was against exploiting people through black magic, sorcery, and sleights-of-hand while invoking supernatural powers.

History is blessed with any number of such reactionary and idiotic postures of religion.In all its paces of walk , religion had been and still is intolerant. It was the very

Jesus Christ

sense of intolerance that killed Jesus Christ. Socratese was was mercifully given hemlock when he opposed the ruler.There were many attempts on Saint Ramanuja's life when he propagated that spiritual path was open to all and caste should not be a bar to it. Raja Ram Mohan Roy faced many hurdles from bigoted tradition torchbearers when he fought against the cruel practice of Sati.

What is more surprising is that Religions have been intolerant even to science and new progressive ideas. There were times when people were threatened for saying that earth was spherical and not as mentioned in the holy texts.Galileo had to be in his knees for telling truth to the public. Religion even did not spare great Mahathma. It was the same religious intolerance to Mahatma Gandhi's path of non-violence and propagation of unity among religions that drove Ghodse to kill him









In short Dabholkar's anti-superstition convictions were anathema to obscurantists and religious bigots. A society in which rationalist intellectuals are killed, but violent rituals to exorcise "evil spirits" are condoned: isn't minimally civilised? In India,it is reported that 2,500 women were killed in witchcraft rituals over the last 15 years.It's probable that caste panchayats or Hindutva groups like Sanatan Sanstha and Hindu Janajagriti Samiti plotted Dabholkar's killing. Sanatan Sanstha's Jayant Athavale wrote a sinister obituary: "Instead of dying bedridden through illness, or ... following a surgery," Dabholkar died instantly: it was, "a blessing..." This rationalises the murder.Three days later, activists of the Akhil Bhrartiya Vidyarthi Parishad (the Bharatiya Janata Party's student wing) broke up a memorial meeting for Dabholkar, and assaulted members of the music-band Kabir Kala Manch. They branded the organisers "Naxalites" because one of them refused to chant "Jai Narendra Modi" says another report.Dabholkar's killing is the latest in serial explosions of intolerance in Pune, including ransacking of the prestigious Bhadarkar Oriental Research Institute in 2004, killing of five social activists in 2010, and cancellation of a screening of Sanjay Kak's film on Kashmir in 2012.

The killing highlights Maharashtra's tragic cultural retrogression. Maharashtra was the crucible of India's social reform movement for a century, led by Shahu Maharaj, Jyotiba Phule, Savitribai Phule, Agarkar, Karve, Ramabai Ranade, and B.R. Ambedkar.Social reform took early mass roots in Maharashtra, Tamil Nadu ,kerala and Karnataka. Dalit and Other Backward Classes mobilisation came later in

North India. It owes much to this early movement.Maharashtra saw the flowering of India's first Bahujan Samaj mobilisation against religious orthodoxy, casteism, sati, gender discrimination, and barring of temple entry to Dalits. It championed girls'/women's education and widow remarriage. It firmly embraced the Enlightenment values of reason and critical inquiry.

Dabholkar lobbied for the Maharashtra Prevention and Eradication of Human Sacrifice and other Inhuman, Evil and Aghori Practices and Black Magic Bill, delayed for 18 years by the Hindu Right's opposition.This agenda has acquired great relevance and urgency in today's South Asia. Liberalisation and globalisation have disrupted old social balances and faith systems and given rise to a politicised religiosity in our region too. What makes one wonder on this tragic killing is that the entire drama took place in a country which is said to be a secular one and the constitution of the land offers the right to freedom of speech and practice. Dabholkar was not practicing any religion but was rationalizing people against barbarious which craft irrationally followed and spread by some heigher -ups in the hindutua movements of the society.This tragic incident gives sufficient signals to the progressive forces of the nation that the challenges ahead is highly complex and that we have to be more cautious and be less romantic in our approaches ,perspectives and moves. It seems it is high time that we call a spade a spade and reality as REALITY.

*FOR TOP QUALITY TEXTS ...*

**SOBA PUBLICATIONS**

*Changanasserry, Kottayam,Kerala State 686101* ... *wings of wisdom*

*Our prestigeous books which you can confidently follow ...*

- **Financial Management (For B. Com / B.B.A)** *₹140*
- **Income Tax** *(For B. Com / B.B.A) ₹290*
- **Direct taxes - Law and Practice** *(For M. Com / MBA / CA/ ICWA) ₹ 390*
- **Principles of Insurance** *(For B. Com / B.B.A) ₹100*
- **Capital Market** *(For B. Com.) ₹100*
- **Value Added Tax - Concepts and Practices** *(For B. Com) ₹110*
- **Indian Financial Markets** *(For B. Com / B.B.A) ₹100*
- **Capital Market and Investment Management** *₹100*
- **Indian Financial System** *(For B. Com / B.B.A) ₹100*
- **Financial Management** *(For M. Com / MBA/ CA/ ICWA) ₹ 290*

*Attention Authors and Eminent Professors ...*

*We invite top quality texts for publication, for B.Com, B.B.A., M.Com and M. B. A., on attractive terms. If interested, contact ...*

**SOBA PUBLICATIONS**

**The Manager**
**175, Manamel, Boat Jetty Road**
**Changanasserry, Kottayam (Dist) Pin-686 101**
**Ph. 9496752663 / 9446223651**
**Website : www.sobabooks.com**



# Being Rational when Things go Irrational

**Vineetha Mohan**
*NSS College, Karamana*



*Narendra Dabholkar the activist, who spearheaded the anti-superstition movement in Maharashtra and pressed for an enactment of law to ban black magic and inhuman practices, was shot dead by two motorcycle-borne unidentified assailants recently, at Pune, when he was out for a morning walk on the Omkareshwar Temple bridge in the city. Four shots were fired at him from close range by the attackers believed to be in the age group of 25-30 years.*

The news spread panic in the mind as the country celebrates the 150th birth anniversary of Swami Vivekananda, the socialist, humanist neo-vedantin, who held that religion is a question of being and becoming, not of believing, and also the106th birth anniversary of Bhagat Singh, the great revolutionary socialist who exhorted the nation to rely on one's rational mind and intellect to find integrity and harmony rather than blind irrational beliefs. The strange social phenomenon of national heroes getting usurped by groups harbouring communal thinking is cause for concern.

The linguistic animal has the edge over its fellow creatures in all kinds of ways. It can be sardonic, torture children, stockpile nuclear weapons, shame and tame the weaker sections, and exterminate those who hold beliefs contrary to theirs. The assailants of Narendra Dabholkar, the rationalist social activist who fought with uncompromising determination to eradicate superstition are still at large. We talk high of our ancient Indian culture while every twenty minutes passes with the rape of an Indian woman. We quote our great sages and leaders while lives are lost in the name of caste and religion. We worship baby Krishna enthralled by the stories of him while stories of abused children stream out through the media numbing the conscience of the right thinking citizens. Are we falling back to those glorious all perfect past which is told to us when

faced with stark realities of the present? What are the hurdles in front of us to practice those high ideals and elevating philosophies to bring back that by gone era of Dharma? Centuries of colonial domination of the mind and body has made us to invent lies and deceptive thinking to wriggle of the present day dilemmas of our society.

Religion and emotions arising from religious beliefs have assumed centre stage in India's political, public and personal life. We are no longer the Indians who proudly welcomed our tryst with destiny in1947. We are Christians, Muslims, and Hindus...er, sorry, nairs, ezhavas... Majority fundamentalism and minority fundamentalism grow in confrontational intensity and vigour in India. Alas Vivekananda! He once termed Kerala a lunatic asylum. But a progressive monk like Swami Vivekananda who interpreted the ancient teachings to usher in a positive revitalizing change in the society would never have imagined that the whole nation



would become a lunatic asylum a hundred years after his death.

The term 'religion' comes from the Latin word religare meaning 'to bind'. It does bind society more powerfully than any other ideology. Religious practices help social groups reaffirm their identity. Freud has said that religious beliefs constituted an unhealthy illusion. He even went to the extent of terming religion as Collective psychosis. Such dismissal of religion as a pathological state might be hasty, perhaps partial. Because religion elevates the perishing flesh to imperishable self thereby makes tranquility, harmony and integrity possible in otherwise chaotic lives. A truly religious sees unity, not division in the world. Those who turn to destruction and violence to enforce their beliefs on others indeed are psychotic.




Fanaticism and irrational beliefs have dethroned religion in many facets. Today we Indians are at a cultural and ideological cross road. When new values violently assert themselves, the values of yesterdays forcefully clamour for the status quo. The modern Indian faces the uphill task of choosing a personal value system. The age old thinking pattern is under intense pressure by the onslaught of the new wave of scientific rationalistic thinking. None can be discarded outright since all contain an element of truth. The wise approach would be an assimilation of the old and the new. For many religion provides the moorings that life needs. But it definitely ceases to be a force for good the moment it yields to intolerance and all through history one could witness that religion and intolerance has marched together.

Liberal theologians have worried that their faiths could not survive unless they reached an accommodation with science and downplayed their supernatural elements. But today the most conservative, miracle proclaiming, fundamentalist side of religion have been among the most successful. Their mindset allows them to see only what they want to see. Religions may promise moral certainty, but even within the same overall tradition, moral disagreements are extremely common. Appealing to faith does not, in practice, solve anything. Reason is an indispensable tool for anyone who wants to resolve conflicts of interests without resorting to naked force. And so, in religiously plural societies, secular moral reasoning has to take hold. We could observe that even fundamentalists present secular, utilitarian reasons to argue that the patriarchal family is ideal or that sexual



expression should be disciplined. As emotions blur the edge of reason, new definitions are made even to the core quality of patriotism.

Religious belief and non belief take place in situations of ambiguity. It is possible to think and to experience the universe, and ourselves as part of it, in both religious and naturalistic ways. For those who sometimes experience life religiously, it can be entirely rational to form beliefs reflecting the mode of experience. At the same time, it is equally rational for those who do not participate in the field of religious experience not to hold such beliefs, and to assume that these experiences are simply projections of human desires and ideals. Human dignity cannot develop in a society that has no humans, but only Hindus and Muslims, Christians and Sikhs. Knowledge progresses with questioning. A society bereft of questions and smug in its received wisdom can only be sterile. Our native fanatics are serving neither their religion nor their country and they don't have the brain to see the irony and to understand that Narendra Dabholkar was not an individual. He is an idea. Can anyone extinguish it?

"There is neither a Hindu nor a Muslim but only Man"
-Swami Vivekananda

മലയാളികളുടെ
ഹൃദയങ്ങളിൽ നിന്നും
ഒരിക്കലും
പാടി മറയുവാനാവാത്ത
നീലക്കുയിലിന്റെ മധുരസംഗീതം

എ.കെ.പി.സി.ടി.എയുടെ
ആദരാഞ്ജലികൾ



കെ. രാഘവൻ മാസ്റ്റർ



# അകന്നുപോയ ഗന്ധർവ്വരാജാങ്കണങ്ങൾ

ഡോ. എൻ.രേണുക
എൻ.എസ്.എസ്.കോളജ്, ചേർത്തല



"ഞാൻ മരിക്കുമ്പോൾ ശവം നിനക്കുതരും
എന്റെ മസതിഷ്കം നീ പരിശോധിക്കും
ഉന്മാദത്തിന്റെ ഉറവിടം കണ്ടെത്താനാവില്ല
എന്റെ കണ്ണുകൾ നീ തുരന്നു നോക്കും
ഞാൻ കണ്ട ലോകരൂപം അവയിലുണ്ടാവില്ല
എന്റെ തൊണ്ട നീ മുറിച്ചു നോക്കും
എന്റെ ഗാനം വെളിച്ചപ്പെടുകയില്ല
എന്റെ ഹൃദയം നീ കുത്തിത്തുറക്കും
അപ്പോഴേക്കും ഇടിമിന്നലുകൾ താമസം മാറ്റിയിരിക്കും
എന്റെ അരക്കെട്ട് നീ വെട്ടിപ്പൊളിക്കുക
അതറിഞ്ഞ മഹോത്സവങ്ങളോ ആവർത്തിക്കുകയില്ല
എന്റെ കാലുകൾ നീ കീറിമുറിച്ച് പഠിക്കും
പക്ഷെ എന്റെ കാല്പാടുകൾ നിനക്കൊരിക്കലും
എണ്ണിത്തീർക്കാനാവില്ല"

*(വൈദ്യശാസ്ത്ര വിദ്യാർത്ഥിയ്ക്ക് ....
ബാലചന്ദ്രൻ ചുള്ളിക്കാട്)*

നിശബ്ദത സവർണ്ണ സ്വഭാവമായും ശബ്ദമാധുര്യം മഹാപരാധമായും സംഗീതഭാവനകൾ അപകടകരങ്ങളായ മനോഭാവങ്ങളായും വിലയിരുത്തപ്പെടുന്ന ഒരു കാലത്താണ് ദക്ഷിണാമൂർത്തി എന്ന സംഗീതജ്ഞനെ അനു



സ്മരിക്കേണ്ടി വരുന്നത്. മാത്രമല്ല 'ഭക്തി' എന്നു വിശേഷിപ്പിക്കപ്പെടുന്ന സമർപ്പിതമായ ആത്മബോധത്തെക്കുറിച്ച് പറയുന്ന അഭിമുഖസംഭാഷണങ്ങളോ ഓർമ്മക്കുറിപ്പുകളോ ആത്മകഥയോ ദക്ഷിണാമൂർത്തിക്കില്ല. ഏതൊരു മനുഷ്യന്റെയും സാമാന്യയുക്തിക്കും സൗന്ദര്യബോധത്തിനും നിരക്കാത്ത വിശകലന രീതികൾ ഏത് സംഗീതജ്ഞനെയും പ്രതിക്കൂട്ടിലാക്കും. താർക്കികയുക്തികൾക്കൊണ്ട് വിചാരണ നടത്തും. ദക്ഷിണാമൂർത്തിയുടെ മരണശേഷം മുഖ്യധാരാ പ്രസിദ്ധീകരണങ്ങളിൽ വന്ന അപൂർവ്വമായ അനുസ്മരണങ്ങളിലേറെയും ഈ രീതിയിലാണ് മുമ്പോട്ട് പോകുന്നതെന്ന് കാണാം. 'ഭക്തി', 'കർണ്ണാടകസംഗീതം' എന്നീ രണ്ട് പദങ്ങൾ, അവയുണ്ടാക്കിയ മാനസിക പ്രപഞ്ചം, അഭിരുചികൾ അവയെ പ്രോത്സാഹിപ്പിച്ച കാലഘട്ടം, തലമുറകൾ എല്ലാം ഒരുപോലെ വിമർശിക്കപ്പെട്ടു. മലയാളിയുടെ കേൾവിശീലങ്ങളിൽ, ഓർമ്മകളിൽ നിറഞ്ഞുനിൽക്കുന്ന ആ സംഗീതജ്ഞന്റെ സംഭാവനകൾ രേഖപ്പെടുത്തുന്നതിൽ ആവർത്തനവിരസതയുണ്ട്. വി. ദക്ഷിണാമൂർത്തി എന്ന കലാകാരനെ മുൻനിർത്തിയുള്ള ആലോചനകൾക്കാണ് പ്രസക്തിയുള്ളത്. അനുസ്മരണങ്ങൾ നാം ജീവിക്കുന്ന കാലത്തിന്റെ വീണ്ടെടുപ്പുകളാകണം.

കർണ്ണാടക സംഗീതത്തിന്റെ സുസംഘടിതമായ ഫ്രെയിം മനസ്സിൽ സൂക്ഷിക്കുകയും ജനകീയമായ രാഗഛായകളിലേക്ക് അവയെ വിടർത്തുകയും ചെയ്ത സംഗീതമാണ് ദക്ഷിണാമൂർത്തിയുടേത്. 1950 ൽ 'നല്ലതങ്ക' എന്ന ചിത്രത്തിലൂടെ സംഗീത സംവിധാനത്തിലേക്ക് കടന്നുവന്ന സ്വാമി കാലത്തിന്റെ വിചിത്രമായ പരിണാമങ്ങളിലൂടെ സഞ്ചരിക്കുകയായിരുന്നു. പ്രിയരാഗങ്ങളായി അറിയപ്പെട്ട ഖരഹരപ്രിയ, ശ്രീരാഗം, ബേഗഡ, ശങ്കരാഭരണം തുടങ്ങിയ രാഗങ്ങളിൽ മാത്രം ആ സംഗീതം തളയ്ക്കപ്പെട്ടില്ല. ജീവിതത്തിന്റെ ഭാവങ്ങൾ അനന്തമായിരിക്കേ, സംഗീതകാലവും വിസ്തൃതമായിക്കൊണ്ടിരിക്കും. മനസ്സിന്റെ അറിഞ്ഞതും അറിയപ്പെടാത്തതുമായ നിറങ്ങൾ തേടിയുള്ള അലച്ചിൽ, അഭിരതികൾ, ഗൂഢാനന്ദങ്ങൾ, അകാരണമായ വിഷാദങ്ങൾ, കാമനകൾ, വിചിത്രഭാവനകൾ എല്ലാം പ്രതിഫലിക്കുന്ന അമൂർത്തമായ ഫ്രെയിം ആണ് രാഗം. സംഗീതം ശാസ്ത്രീയമായി അഭ്യസിച്ചവരിൽ ഈ രാഗബോധം ഉണ്ടാവണമെന്നില്ല. അപ്പോൾ 'ശാസ്ത്രീയത' എന്നത് അനേകം ഘട്ടങ്ങളിൽ ഒന്നുമാത്രമാണ്. ലോകത്തിന്റെ മനസ്സിലുണ്ടായിരിക്കുക എന്നതാണ് പ്രധാനം. ദക്ഷിണാമൂർത്തിയെ സംബന്ധിച്ചിടത്തോളം കർണ്ണാടക സംഗീതം ശക്തമായ മനോഭാവവും ജീവിതശൈലിയുമായിരുന്നു. എല്ലാ മനുഷ്യരിലും തിരിച്ചറിയപ്പെടാതെ കിടക്കുന്ന രാഗച്ഛായകളുണ്ട്. കൃത്യമായ രാഗതാളഘടനയിലൂടെ, ചിത്രാക്ഷരികളിലൂടെ, ടോണൽ കളറുകളിലൂടെ ആ ഛായകളെ ഉണർത്തുകയാണ് ഒരു സംഗീത സംവിധായകന്റെ ധർമ്മം. ഭാഷയ്ക്കും ദേശത്തിനും കാലത്തിനും വംശത്തിനും മതത്തിനുമെല്ലാം അതീതമായ വൈകാരിക മൂല്യങ്ങൾ അതിൽ പ്രവർത്തിക്കുന്നുണ്ട്. രാഗങ്ങളെക്കുറിച്ചോ, ആരോഹണാവരോഹണക്രമത്തെക്കുറിച്ചോ താളത്തെക്കുറിച്ചോ ശാസ്ത്രീയമായ അറിവുകൾ ഇല്ലാത്ത ഏതൊരു വ്യക്തിയുടെയും മനസ്സ് ശ്രുതി ചേർക്കപ്പെടും. മനസ്സിന്റെ രാഗങ്ങളേതെന്ന് ആ നിമിഷം അയാൾ തിരിച്ചറിഞ്ഞെന്നിരിക്കും. ഇത്തരം ഒരു മാനസികാവകാവസ്ഥയിലേക്ക് ആസ്വാദകരെ ഉയർത്തുന്നവർ അതിജീവിക്കും. അതിന് പ്രായോഗികബുദ്ധിയ്ക്കു വഴങ്ങാത്ത നിശബ്ദതകൾ ആവശ്യമാണ്. പുതിയ ഒന്ന് കണ്ടെത്താനുള്ള ഒരു കലാകാരന്റെ / കലാകാരിയുടെ തേടൽ മാത്രമാണ് ആ നിശബ്ദതയിൽ, മൗനത്തിൽ ഉള്ളത്. "ശൂന്യതയിൽ നിന്ന് ഈണം സൃഷ്ടിക്കുന്ന സ്വാമിയുടെ ഇന്ദ്രജാലം വിസ്മയത്തോടെ നോക്കി നിന്നിട്ടുണ്ട് ഞാൻ" എന്ന് 'വാതിൽപ്പഴുതിലൂടെൻ മുന്നിൽ കുങ്കുമം വാരി വിതറും ത്രിസന്ധ്യ പോകെ' എന്ന പാട്ടിന്റെ പിറവിയെക്കുറിച്ച് ഭദ്രൻ അനുസ്മരിക്കുന്നുണ്ട്. ഇന്ത്യൻ ക്ലാസിക്കൽ സംഗീതത്തിലെ വ്യത്യസ്തധാരകളെ സ്പർശിച്ചുനിൽക്കുന്ന രാഗങ്ങളിലെല്ലാം ദക്ഷിണാമൂർത്തി ഗാനങ്ങൾ ചെയ്തിട്ടുണ്ട്. അവയൊന്നും ബുദ്ധിജീവികൾക്കോ പണ്ഡിതന്മാർക്കോ സവർണ്ണർക്കോ വേണ്ടി ഈണം പകർന്നവയല്ല. ദിനസരികളുടെ താളവും ഋതുക്കളുടെ നൃത്തശാലകളും അന്തരീക്ഷത്തിന്റെ ഭാവവ്യതിയാനങ്ങളും അവയിൽ കനത്തു കിടക്കുന്നു. ഒരു ഗാനരംഗം കാണുമ്പോൾ അതിന്റെ പ്രതിഫലനങ്ങൾ മനസ്സിൽ മറ്റൊരു 'സ്പേസ്' സൃഷ്ടിക്കുന്നുണ്ട്. തികച്ചും വ്യക്തിപരമായ ഭാവനകളുടെ തരംഗങ്ങളിലൂടെ ആസ്വാദകർ ഓരോരുത്തരും അവരവരുടെ പാട്ടുകളാണ് കേൾക്കുന്നത്. പാടിപ്പതിഞ്ഞ് കടന്നുപോയ കാല

ത്തിന്റെ അസഹ്യതകളും പാടാനാകാതെ പോയ കാലത്തിന്റെ അസ്വസ്ഥതകളും സ്വപ്നങ്ങളും സ്വപ്നഭംഗങ്ങളും അവശേഷിപ്പിക്കുന്ന എത്രയോ ഗാനങ്ങൾ ദക്ഷിണാമൂർത്തി ചിട്ടപ്പെടുത്തിയിട്ടുണ്ട്. കടന്നുപോന്ന കൗമാര-യൗവ്വന കാലത്തോടും മുൻവിധികളില്ലാത്ത ആസ്വാദനങ്ങളോടും കാപട്യങ്ങളില്ലാതെ നീതിപുലർത്തുന്ന ആസ്വാദകർ സ്വാമിയെ അനുസ്മരിക്കുന്നത് പ്രണയഗാനങ്ങളുടെ പേരിലായിരിക്കും. ആകാശം ഭൂമിയെ, ചന്ദ്രികയിലലിയുന്നു, മരുഭൂമിയിൽ മലർ, വൈക്കത്തഷ്ടമി, ഹൃദയസരസ്സിലെ, അശ്വതി നക്ഷത്രമേ, ഉത്തരാസ്വയംവരം, എത്ര ചിരിച്ചാലും, തുള്ളിയോടും പുള്ളിമാനേ, മനോഹരിനിൻ, അശോകപൂർണ്ണിമ, ഹർഷബാഷ്പം തൂകി, അവൾ ചിരിച്ചാൽ, ചിത്രശിലാപാളികൾ, ചെത്തങ്ങു കുലച്ചപോലെ, സന്ധ്യക്കെന്തിനു സിന്ദൂരം, ചന്ദനത്തിൽ, പൊൻവെയിൽ മണിക്കച്ച, താരകരൂപിണി – എന്നിങ്ങനെ നാനാഭാവ സങ്കലിതമായ പ്രണയത്തിന്റെ അടിസ്ഥാന ശ്രുതി ഏതാണെന്ന് കാലാന്തരങ്ങളിലും ആസ്വാദകർ തിരയും. ദക്ഷിണാമൂർത്തിയുടെ ഗാനങ്ങളിൽ 'ഭക്തി' വെറും ഒരാവരണമാണ്. യൗവ്വനം എന്ന രസബിന്ദുവിനെ ഉദ്ദീപിപ്പിക്കുന്ന ഓരോ ഗാനം കേൾക്കുമ്പോഴും മനസ്സിനുള്ളിൽ സമാന്തരപ്രയാണം ആരംഭിക്കുന്നുണ്ട്. അജ്ഞാതമായ ഭൂഖണ്ഡങ്ങളിലൂടെ യാത്രചെയ്യുവാനും അപരിചിതമായ മനോനിലകളിലൂടെ കടന്നുപോകുവാനും അജ്ഞാതമായ ഭൂകമ്പ രേഖകളെ ഭാവന ചെയ്യുവാനും സാധിക്കുന്നുണ്ട്. അതിനു കാരണം മുഖ്യമായും ദക്ഷിണാമൂർത്തി ചിട്ടപ്പെടുത്തിയ രാഗമാലികകളാണ്. പരാജയസാധ്യതകൾ ഏറെയുള്ള മേഖലയാണ് രാഗമാലികയുടേത്. ഇടവേളകളില്ലാതെ ഒരു രാഗത്തിൽ നിന്ന് മറ്റൊരു രാഗത്തിലേക്കുള്ള സ്വാഭാവികമായ മാറ്റം എന്നത് മനസ്സിന്റെ ഭാവാന്തരങ്ങളിലൂടെയുള്ള യാത്ര തന്നെയാണ്. 'രാഗവ്യതിയാനം' (Raga Transition) ഇത്ര വിദഗ്ധമായി നിർവ്വഹിച്ച മറ്റൊരു സംഗീത സംവിധായകനില്ല. ശഹാന-ഷണ്മുഖപ്രിയ-കല്യാണി എന്നീ രാഗങ്ങളിലൂടെയുള്ള സഞ്ചാരമാണ് 'കാവ്യമേള' എന്ന ചിത്രത്തിലെ 'സ്വപ്നങ്ങൾ. . . . സ്വപ്നങ്ങളേ നിങ്ങൾ സ്വർഗ്ഗകുമാരികളല്ലോ' എന്ന ഗാനം. കർണ്ണാടക സംഗീതത്തിന്റെ സ്വാധീനമുണ്ടെങ്കിൽ ഏതു ശൈലിയിലുള്ള ഗാനവും ചിട്ടപ്പെടുത്താമെന്ന ആത്മവിശ്വാസം സ്വാമിക്കുണ്ടായിരുന്നു. 'എന്റെ മോഹങ്ങൾ പൂവണിഞ്ഞു' എന്ന ചിത്രത്തിലെ മൈലോഡ് രാഗിണി എന്ന പോപ്പ് ശൈലിയിലുള്ള പാട്ട് സിംഹള ചിത്രത്തിലെ ബീറ്റിൽസ് സാദൃശ്യമുള്ള പാട്ട് എന്നിവ സ്വാമി തന്നെ വെളിപ്പെടുത്തിയിട്ടുള്ള ഉദാരണങ്ങളാണ്. "എന്നെ സംബന്ധിച്ചിടത്തോളം ഒരു ഗാനം എന്നാൽ ഒരു വൃക്ഷമാണ്. അതിന്റെ വേരുകൾ ആകട്ടെ കർണ്ണാടക സംഗീതമാണ്. നിങ്ങൾ പുറത്ത് കാണുന്ന ശാഖകളും ഇലകളും മാത്രമാണ് എന്റേത്" എന്ന് ദക്ഷിണാമൂർത്തിയുടെ വാക്കുകളെ അഭിജാതമെന്നും സവർണ്ണമെന്നും മുദ്രയടിച്ച സ്യൂഡോ സംസ്കാരപഠനത്തിന്റെ കാലമാണിത്. ദക്ഷിണേന്ത്യയുടെ നാടോടി സംഗീതങ്ങളിൽ നിന്നും വംശീയമായ ഓർമ്മകളിൽ നിന്നും ഉയർന്നുവന്ന നാദസ്വരം ദീർഘകാലം ഒഴിവാക്കപ്പെട്ടിരുന്ന ഉപകരണ വാദ്യമാണ്. ക്ഷേത്രപരിചാരകരായ കീഴ്ജാതിക്കാർ കുലത്തൊഴിലായി ഉപയോഗിച്ചു വന്ന വാദ്യം എന്ന നിലയിൽ വരേണ്യ സംഗീതത്തിൽ നിന്നും നാദസ്വരം മാറ്റി നിർത്തപ്പെട്ടിരുന്നു എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിലെയും തമിഴ്നാട്ടിലെയും ബ്രാഹ്മണർക്കിടയിൽ ആസുരവാദ്യമായി ഗണിക്കപ്പെട്ടിരുന്ന ഈ വാദ്യം മംഗളവാദ്യം തന്നെയായി കരുതപ്പെടുന്നു. മലയാള ചലചിത്ര ഗാനങ്ങളിൽ 'നാദസ്വരം' ഉൾപ്പെടുത്തിയ സംഗീതജ്ഞനാണ് ദക്ഷിണാമൂർത്തി. ചലചിത്ര രംഗങ്ങളിലെ അന്തരീക്ഷത്തോടാണ് സ്വാമി കൂറുപുലർത്തിയത്. പൊൻവെയിൽ മണിക്കച്ച, ആറാട്ടിനാനകള്, അനുരാഗ നർത്തനത്തിൽ അരങ്ങേറ്റം തുടങ്ങിയ ഗാനങ്ങളുടെ ഓർക്കസ്ട്രേഷനിൽ നാദസ്വരം ആസുരവാദ്യം എന്ന നിലയിലല്ല സ്വാമി ഉൾപ്പെടുത്തിയത്.

ജനപ്രിയ സംഗീതത്തെക്കുറിച്ചുള്ള ഒരു ദേശീയ സെമിനാറിൽ കേൾവിക്കാരിയായി പങ്കെടുത്ത് മടങ്ങുകയായിരുന്നു. അസഹനീയമായ വേനൽക്കാലം. അറ്റവും പുറവും ഒരുപോലെ വേവുന്ന ഉച്ചയിൽ ഒരു വിമർശകൻ തലപുകഞ്ഞ് തൊണ്ടകീറി പ്രസംഗിക്കുകയാണ്. കർണ്ണാടകസംഗീതം ജനങ്ങളോട്, ജനകീയ സംഗീതത്തോട് ചെയ്ത ചതികളെക്കുറിച്ചും ഫ്യൂഡൽ സാംസ്കാരിക ബോധ്യങ്ങൾ സാധാരണക്കാരന്റെ സംഗീതബോധത്തെ ബാധിക്കുന്നതിനെക്കുറിച്ചുമെല്ലാം അദ്ദേഹം പറയുന്നതു കേൾക്കാൻ സദസ്സിൽ നാലഞ്ചു പേർ മാത്രം. വേദിയിൽ അതിൽ കൂടുതൽ ആളുകൾ ഇനിയും പ്രസംഗം അവതരിപ്പിക്കാനുണ്ട്. മടങ്ങുമ്പോൾ സന്ധ്യയോടടുത്തിരുന്നു. എറണാകുളം മറൈൻഡ്രൈവിൽ തെരുവ് ഗാനമേള നടക്കുകയാണ്. കണ്ണുതുറക്കാത്ത ദൈവങ്ങളേ.... അന്ധഗായകർക്കു മുമ്പിൽ സ്വയം മറന്നു നിൽക്കുന്ന ചെറിയ ആൾക്കൂട്ടം! കുലീന ബിംബങ്ങളെക്കുറിച്ചോ, സവർണ്ണമൂല്യങ്ങളെക്കുറിച്ചോ ആൾക്കൂട്ടം ചിന്തിച്ചിട്ടുണ്ടാവുമോ? നിശ്ചയമായും ഉണ്ടാവില്ല. കാരണം അവർ സംഗീതാസ്വാദകർ മാത്രമാണ്. സ്വന്തം മനസാക്ഷിയോടും വികാരങ്ങളോടും സത്യസന്ധത പുലർത്തുന്ന ആസ്വാദകർ.

ദക്ഷിണാമൂർത്തിയുടെ സംഗീതത്തെക്കുറിച്ച്, രാഗഘടനയെക്കുറിച്ച്, അതിനു പശ്ചാത്തലമായി വർത്തിച്ച സാംസ്കാരിക പശ്ചാത്തലത്തെക്കുറിച്ച്, ഓർക്കസ്ട്രേഷനെ സംബന്ധിച്ച് ഗൗരവമുള്ള പഠനങ്ങൾ സാധ്യമാണ്. പക്ഷേ ഒരു കാലഘട്ടത്തിന്റെ ഭാവുകത്വമായി മാറിയ വ്യക്തികളെ, അവർ അവശേഷിപ്പിച്ചുപോയ സൗന്ദര്യബോധങ്ങളെ പാടെ നിഷേധിച്ചുകളയുന്ന ഉപരിവിപ്ലവമായ വ്യാഖ്യാനങ്ങൾ മാത്രം നൽകുന്ന പഠനങ്ങളെ ജനം പുറംതള്ളും. നിഴൽയുദ്ധമായി ചരിത്രത്തിൽ നിന്നു മാഞ്ഞുപോകും. സഹജാവബോധമില്ലാത്ത പഠനലേഖനങ്ങൾ, നിശിത വിമർശനങ്ങൾ എന്നിവ ഉണ്ടായിക്കൊണ്ടേയിരിക്കും. ജനനത്തിന് നീണ്ട ഗർഭകാലമുണ്ട്. മരണത്തിന് അതില്ല എന്നാണ് പറയുന്നത്. അതിനാൽ അനുസ്മരണം ഒരു ധ്യാനം ആവശ്യപ്പെടുന്നു.



# നിലയ്ക്കാത്ത നടുക്കം, പോകാത്ത വെളിച്ചം

**ഡോ.എം.എസ്.വസന്തകുമാർ**

*എസ്.എൻ.കോളജ്, കൊല്ലം*



**1934** ജൂൺ 25 ന് ഗാന്ധിജിയും കസ്തൂർബാഗാന്ധിയും സഞ്ചരിച്ച കാറിന് അരികിൽ ബോംബ് പൊട്ടി. പൂനെ വച്ചായിരുന്നു സംഭവം. ഒരു ആളപായവും ഉണ്ടായില്ല. പൂനെ മുനിസിപ്പൽ കോർപറേഷനിലെ ഒരു ഓഫീസർക്കും രണ്ടുപോലീസുകാർക്കും പരിക്കേററിരുന്നു.

1944 മേയ് മാസത്തിൽ പഞ്ച്ഗനിയിൽ ഒരു സംഘം ആളുകൾ നാഥുറാം ഗോഡ്സെയുടെ നേതൃത്വത്തിൽ ഗാന്ധിജി താമസിച്ച ഭവനത്തിന് അരികിൽ എത്തി. പൂനെയ്ക്ക് അടുത്തുള്ള ഈ സ്ഥലത്ത് ഒരു പ്രാർത്ഥനാ യോഗത്തിൽ വൈകുന്നേരം ഗാന്ധിജി പങ്കെടുക്കവേ ഗോഡ്ഡ്സെ ഒരു കഠാരയുമായി ഗാന്ധിജിയുടെ നേരെ ചെന്നു. അയാൾ ഗാന്ധിജിക്കെതിരെ മുദ്രാവാക്യങ്ങൾ വിളിക്കുന്നുണ്ടായിരുന്നു. പക്ഷെ, അയാളെ കീഴ്പ്പെടുത്താൻ മഹാത്മജിക്ക് ചുററുമുണ്ടായിരുന്നവർക്ക് കഴിഞ്ഞു.

1944 സെപ്ററംബറിൽ ജിന്നയുമായി സംഭാഷണം നടത്താൻ സേവാഗ്രാമത്തിൽ നിന്ന് പുറപ്പെട്ട ഗാന്ധിജിക്ക് നേരെ ആക്രോശിച്ചു കൊണ്ട് ഗോഡ്സെയും സംഘവും ചെന്നു. ഗോഡ്സെയുടെ കയ്യിൽ കഠാരയുണ്ടായിരുന്നു.

1946 സെപ്ററംബറിലും വധശ്രമം ആവർത്തിക്കുകയുണ്ടായി

1948 ജനുവരി 20-ാം തിയതി മദൻലാൽ പഹ്വ, ഗോപാൽ ഗോഡ്സെ എന്നിവരും മററ് നാല് പേരും ചേർന്ന് ബിർളാ ഹൗസിൽ വച്ച് ബോംബ് ആക്രമണത്തിന് ഗാന്ധിജിക്ക് നേരെ തുനിഞ്ഞു.

ഈ ആക്രമണങ്ങളുടെ പരിണതി ആയിരുന്നു. 1948 ജനുവരി 30 ന് സംഭവിച്ചത്. വൈകിട്ട് 5.05 ന് ആഭാഗാന്ധി, മനുഗാന്ധി എന്നീ ബന്ധുയുവതികളുടെ സഹായത്തോടെ പ്രാർത്ഥനാ യോഗത്തിലേക്ക് നടന്ന മഹാത്മജിക്ക് നേരെ ഗോഡ്സെ പ്രത്യക്ഷപ്പെട്ടു. വന്ദിച്ചു.

താങ്കൾ ഇന്ന് പ്രാർത്ഥനയ്ക്ക് താമസിച്ചു വല്ലോ? ഗോഡ്സെ ചോദിച്ചു

അതെ മന്ദഹസിച്ചു കൊണ്ട് ഗാന്ധി പറഞ്ഞു

പൊടുന്നനെ ഗോഡ്സെ റിവോൾവർ ഗാന്ധിജിയുടെ നെഞ്ചിന് നേരെ ചൂണ്ടി മൂന്ന്തവണ നിറയൊഴിച്ചു.

ഹൃദയത്തിന് താഴെ ആ മെലിഞ്ഞ ദേഹത്തിൽ വെടിയുണ്ട കടന്നു പോയി. 5.12 ന് ആ ജിവസ്പന്ദം നിലച്ചു.

തന്നെ അനുധാവനം ചെയ്യുന്ന ഘാതകൻെറ കാലൊച്ച ആ ശാന്തി ദൂതൻെറ കാതുകളിൽ മുഴങ്ങിയിരുന്നു. *ഞാനൊരു മതിഭ്രമിയുടെ വെടിയുണ്ടയ്ക്ക് ഇരയാകുന്നത് മന്ദഹസിച്ചു കൊണ്ടായിരിക്കും. ഈശ്വരൻ എൻെറ ഹൃദയത്തിലും ചുണ്ടിലും സന്നിഹിതനായിരിക്കും എന്തെങ്കിലും എനിക്ക് സംഭവിച്ചാൽ ആരും ഒരുതുള്ളി കണ്ണീർ പൊഴിക്കരുത്.* 1948 ജനുവരി 28 ന് മഹാത്മജി പറഞ്ഞു.

എബ്രഹാം ലിങ്കണും മാർട്ടിൻ ലൂഥർ കിങ്ങും ജോൺ എഫ് കെന്നഡിയും ഇന്ദി

രാഗാന്ധിയും രാജീവ് ഗാന്ധിയും പാട്രിസ്‌ലുമുംബയും എല്ലാം ഘാതകരുടെ ഇരകളായി തീർന്നവരാണ്. പ്രമുഖർക്ക് സുരക്ഷാ സംവിധാനങ്ങൾ വെറും ലാഘവങ്ങളായ ഉപചാരങ്ങൾ മാത്രമാണ് എന്ന നിസ്സഹായധാരണ നമ്മിൽ പടർത്തുന്ന ചരിത്രാനുഭവങ്ങൾ ആണ് ഇവ. തിന്മയുടെയും കുത്സിത ബുദ്ധിയുടെയും പ്രേരണ കൊണ്ട് ഭ്രാന്തിളകിയ വിശ്വാസം. ഏകപക്ഷീയമായി നിശ്ചയിക്കുന്ന വധശിക്ഷയുമായി ഈ ആരാച്ചാരന്മാരുടെ കറുത്ത നിഴലുകൾ പിന്നാലെ കൂടുമ്പോൾ, പലരും അത് തിരിച്ചറിഞ്ഞിട്ടുണ്ട്.

ഇന്ദിരാഗാന്ധി, വെടിയേററ് മരിക്കുന്നതിന്റെ തലേ ദിവസം കാശ്മീരിലെ ചിനാർ മരങ്ങളുടെ പിംഗല വർണം സാന്ധ്യകുങ്കുമത്തിൽ ലയിച്ച ത്രസിപ്പിക്കുന്ന സൗന്ദര്യാനുഭവം നുകരുവാൻ പ്രത്യേകം തയ്യാർ ചെയ്ത ഹെലികോപ്റ്ററിൽ അവിടേയ്ക്ക് പോയി. ചിനാർ മരങ്ങളുടെ ഇല പഴുക്കുമ്പോൾ അവയ്ക്ക് പിംഗല വർണ്ണമാകും (ഓറഞ്ചു നിറം) സന്ധ്യാസമയത്തെ അതേ വർണ്ണത്തിലുള്ള പോക്കുവെയിലിൽ പൊഴിഞ്ഞതും പൊഴിയാത്തതുമായ ആ ഇലകൾ സൃഷ്ടിക്കുന്ന അഭൗമ വർണ്ണക്കാഴ്ച ഇനിയൊരിക്കലും, ഈ മനോഹര തീരത്തു കാണാൻ കഴിയില്ല എന്ന് ഇന്ദിരാജിക്ക് ഉറപ്പായിരുന്നു. ഘാതകന്റെ കാലൊച്ച അവരും കേട്ടിരുന്നു.

മൂന്ന് നാല് തവണ ഘാതകാവേശവുമായി ചെന്ന ഗോഡ്സെ, അന്തിമ വിധി നടപ്പാക്കാൻ സ്വതന്ത്രനായിത്തന്നെ വിരാജിക്കുകയായിരുന്നു.

ഒരു ചിററ് പാവൻ ബ്രാഹ്മണനായിരുന്ന ഗോഡ്സെ. അയാളുടെ വീട്ടിൽ സഹോദരങ്ങൾ മൂന്ന് ആൺകുട്ടികൾ മരിച്ചു. ആൺകുട്ടി വാഴാത്ത വീട് എന്ന വിശ്വാസമാണ് ആണായ ഗോഡ്സെയെ പെണ്ണായി വളർത്തുവാൻ മാതാപിതാക്കൾ മൂക്കുകുത്തി അല്ലെങ്കിൽ നാത് അണിയിച്ചത്. നാത് ഉള്ള റാം ആയി അയാൾ അറിയപ്പെട്ടു. അങ്ങനെ നാതുറാം വിനായക് ഗോഡ്സെ എന്ന് വിളിച്ചു പോന്നു.

ഗോഡ്സെയെ ഗാന്ധി വധത്തിലേക്ക് നയിച്ചത് അയാളുടെ വിശ്വാസത്തോടുള്ള ഭ്രമാത്മകമായ ആവേശമാണ്. ഇന്ത്യ, മുസ്ലിം ഭൂരിപക്ഷമുള്ള പാകിസ്ഥാൻ ദേശമായി കൂടി മുറിച്ചു മാററണമെന്ന് ആവശ്യപ്പെട്ടു ഗാന്ധിജി യോജിച്ചു എന്നതത്രെ അയാളുടെ വിശ്വാസത്തിന്റെ വിയോജിപ്പ്. വിഭജന പ്രക്രിയയുടെ പരിണതിയിൽ നീക്കുപോക്കുകളുടെ കണക്കിൽ ഇന്ത്യ പാകിസ്ഥാന് 75 കോടി രൂപ കൊടുക്കണമായിരുന്നു. ആദ്യഗഡു 20 കോടി ഇന്ത്യ നൽകി. ശേഷിച്ച 55 കോടി ഉടനടി കൈമാറണമെന്ന് ഗാന്ധിജി ആവശ്യപ്പെട്ടു എന്നും അതിന് വേണ്ടി മരണം വരെ സത്യാഗ്രഹം ആരംഭിച്ചു എന്നുമാണ് ഗോഡ്സെ വിശ്വാസത്തിന്റെ രണ്ടാമത്തെ പരാതി. യഥാർത്ഥത്തിൽ അന്ന് ഡൽഹി കലാപങ്ങൾ അവസാനിപ്പിക്കൂ, ഇല്ലെങ്കിൽ മരണം വരെ സത്യാഗ്രഹം എന്നാണ് ഗാന്ധിജി പറഞ്ഞത്.

മുസ്ലീം രാഷ്ട്രത്തിന് വേണ്ടി വാദിച്ചയാളുകളുടെ കലാപപ്രേമം വളർത്താൻ മാത്രമേ ഗാന്ധിജിയുടെ അനുനയ സമീപനം കൊണ്ട് ഉപകരിച്ചുള്ളൂ എന്നത് മൂന്നാമത്തെ പരാതിയും എന്നാൽ മുസ്ലിം രാഷ്ട്രം എന്ന സങ്കല്പം കേവലം സങ്കുചിത താത്പര്യാന്വിതമായി ഒരു ചായക്കട ചർച്ചയിൽ പൊന്തി വന്നതാണ് എന്ന് ഇ എം എസ് തന്റെ ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിൽ പറയുന്നു. അവിഭക്ത ഇന്ത്യയിൽ കൽക്കത്തയിലെ ചില മുസ്ലിം വണിക്കുകളുടെ ചായനേര സൊറ പറച്ചിനിടയിൽ രൂപപ്പെട്ട് രൂഢമൂലമായതത്രെ മുസ്ലിം രാഷ്ട്രം എന്ന ആശയം. സ്വാതന്ത്ര്യപൂർവ്വ ഇന്ത്യയിലെ ഒരു തെരഞ്ഞെടുപ്പിൽ കൽക്കത്താ പ്രവിശ്യയിൽ കോൺഗ്രസ് സ്ഥാനാർത്ഥികൾ ആയി ജയിച്ച് എം പിമാരായിത്തീർന്നത് ചില മുസ്ലിമുകളായിരുന്നു. അവർ തങ്ങളുടെ സമുദായക്കാരായ വണിക്കുകളെയും വ്യവസായികളെയും പക്ഷപാതപരമായി ഭരണ കാര്യാലയങ്ങളിലെ ആവശ്യങ്ങൾക്ക് സഹായിച്ചു. *ഹൊ! ഒരു എം പി സ്ഥാനത്ത് പിടിപാടുള്ളപ്പോൾ ഇത്ര ഉപകാരപ്രദം അപ്പോൾ ഒരു രാജ്യവും അതിന്റെ ഭരണവും കിട്ടിയാൽ എത്ര സൗകര്യപ്രദം!* ഈ ചർച്ചയത്രെ പ്രത്യേക രാഷ്ട്രമെന്ന ആശയത്തിന്റെ അടിസ്ഥാനം. ലാഘവത്തോടെ ആരംഭിച്ച ഈ ആശയം അപകടകരമാണ് എന്ന് മനസ്സിലാക്കിയ മുഹമ്മദാലിജിന്ന ഇതിനെ പ്രാഥമികമായി എതിർത്ത് നിന്ന് സംസാരിച്ച കോൺഗ്രസുകാരനായിരുന്നു. പിന്നീട് വിഭജിത രാഷ്ട്രത്തിന്റെ മുസ്ലിം ഖണ്ഡത്തിന്റെ അധികാരിയായി അദ്ദേഹം മാറിയത് ചരിത്രം.



ഗോഡ്സെയെ 1949 നവംബർ 8 ന് തൂക്കിക്കൊല്ലാൻ വിധിച്ചു. 1949 നവംബർ 15 ന് അമ്പാല ജയിലിൽ വിധി നടപ്പാക്കുകയും ചെയ്തു. വെടിയുതിർത്തനേരം തന്നെ ഗോഡ്സെയെ ജനം വളഞ്ഞ് തല്ലി. അയാൾക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. 1948 മേയ് മാസം 27 ന് ഗാന്ധിവധ വിചാരണ ആരംഭിച്ചിരുന്നു. 19 മാസം കൊണ്ട് വിചാരണ പൂർത്തിയായി, ശിക്ഷ നടപ്പാക്കുകയും ചെയ്തു.

അമൃത്സറിൽ നിന്ന് വധദിവസം ഉച്ചയ്ക്ക് മടങ്ങിയെത്തിയ പ്രധാനമന്ത്രി ജവഹർലാൽ നെഹ്രുവിന് അന്ന് മഹാത്മജിയെ ജീവനോടെ കാണാൻ കഴിഞ്ഞില്ല. എന്നാൽ സർദാർ വല്ലഭായി പട്ടേലുമൊത്ത് ബിർളാ ഹൗസിൽ ഇരുന്ന് സംസാരിച്ച ശേഷം പുറത്തേക്ക് പ്രാർത്ഥനയ്ക്ക് വന്നതായിരുന്നു ഗാന്ധിജി.

പിന്നീട് മരണം സ്ഥിരീകരിച്ച ശേഷം ബിർളാ ഹൗസിന് ചുററും തിങ്ങിക്കൂടിയ രണ്ടു ലക്ഷത്തോളം വന്ന ജനങ്ങളെ നോക്കി പണ്ഡിററ്ജി സംസാരിച്ചപ്പോൾ ഒന്നിലധികം ത

വണ അദ്ദേഹം പൊട്ടിക്കരഞ്ഞു. ആൾ ഇന്ത്യാ റേഡിയോയിൽ അദ്ദേഹത്തിന്റെ പ്രസംഗം പ്രക്ഷേപണം ചെയ്തു.... *The light has gone out of us and there is darkness every where.*- ഈ രാഷ്ട്രത്തിന് വെളിച്ചമേകിയ മഹായശസ്വിയുടെ അപ്രതീക്ഷിത തിരോധാനം നമുക്ക് ആ മഹാത്മാവിൽ നിന്ന് ലഭിക്കാനുള്ളതിന് എല്ലാം വിരാമമിട്ടു. എങ്കിലും നമുക്ക് പ്രാർത്ഥിക്കുമ്പോൾ ആ സത്യോപാസകന്റെ സൽപ്രേരണയിൽ സ്വയം സത്യത്തിന് സമർപ്പിക്കാം.

ഗോഡ്സെയെ പ്രേരിപ്പിച്ചത് അയാളുടെ വിശ്വാസമാണ്. വിശ്വാസം അമൂർത്തമാണ്. പക്ഷെ മൂർത്തമായ ഒരു ആഘാതം അതുമൂലം ഒരു രാഷ്ട്രം മുഴുവൻ, ലോകം മുഴുവൻ ഏൽക്കേണ്ടി വന്നു. ഗോഡ്സെയെ പ്രേരിപ്പിച്ച സമൂർത്ത ഘടകങ്ങളുമുണ്ടായിരുന്നു. അയാൾക്ക് ഒരു സംഘം എപ്പോഴും ആക്രമണങ്ങൾക്കും വധോദ്യമങ്ങൾക്കും വേണ്ടി കൂടെയുണ്ടായിരുന്നു. അവർക്ക് പ്രേരണ നൽകി യശസ്വി ഹൗൺ യാ *succeed*



*and come* എന്ന് ആശംസിച്ച ഒരു പ്രമുഖനുണ്ടായിരുന്നു. അന്വേഷണ ഉദ്യോഗസ്ഥരേയും സാക്ഷികളെയും ചുററിപ്പററി നിൽക്കുന്ന രേഖകൾ അതു പറയുന്നു. ഇന്ത്യാ വിഭജനമെന്ന മഹാ ആഘാതമേൽപ്പിച്ച് നാട് നീങ്ങിയ ബ്രിട്ടീഷ്കാരന്റെ കിടയററ ക്രൂരത വിതച്ച എത്ര നടുക്കുന്ന അനുബന്ധ വൈപരീത്യങ്ങൾ ഇന്ത്യാക്കാരുടെ ഉറക്കം കെടുത്തുന്നു.

എവിടെയൊക്കെ രാഷ്ട്രവിഭജനങ്ങൾ നടന്നുവോ അവിടെമൊക്കെ കുലുഷിത നിലങ്ങളായി കത്തിയെരിയുന്ന കാഴ്ച നമ്മെ നടുക്കുന്നുണ്ടല്ലോ. ഇസ്രായേൽ പാലസ്തീൻ പ്രശ്നങ്ങൾ നിലനിൽക്കെ, ഒരിക്കലും അത് പരിഹരിക്കാൻ അ



*നാഥുറാം വിനായക ഗോഡ്സെ*

നുവദിക്കാത്ത സാമ്രാജ്യശക്തികളുടെ വിദഗ്ദ്ധവും നിഗൂഢവുമായ ഇടപെടലുകൾ അറിഞ്ഞ് സ്തബ്ധരായി നിൽക്കുകയാണ് ലോകസമാധാന പ്രേമികൾ. ഇന്ത്യയിലും പാകിസ്ഥാനിലും ഉരുണ്ടു കൂടുന്ന സംഘർഷങ്ങളുടെ ഇന്ധനം, മനുഷ്യന് വിശ്വാസത്തോടുള്ള ഭ്രാന്തുപിടിച്ച ദാഹമാണ്. ഹൈന്ദവ സന്നാഹങ്ങൾ ഏകപക്ഷീയമായി യഥാർത്ഥ പ്രശ്നങ്ങളെ സമീപിക്കുമ്പോൾ അവർക്ക് എതിരെയുള്ള സന്നാഹങ്ങളും ആഗോള പിന്തുണയോടെ ശക്തി പ്രാപിക്കുന്നു . ഇവർക്കിടയിൽ അതിസൂക്ഷ്മ നിഷ്കർഷയോടെ നിലപാടു സ്വീകരിക്കേണ്ട പുരോഗമന പ്രസ്ഥാനങ്ങൾ അലക്ഷ്യമായോ വേണ്ടത്ര ജാഗ്രതയില്ലാതെയോ നിലപാടുകൾ കൈക്കൊള്ളാൻ ഇടവരുമ്പോൾ വിമർശനത്തുമ്പത്തും ആരോപണമുനകളിലും അവർ പെട്ടുപോകുന്നതും സമകാലിക കാഴ്ചകളാണ്. അത്തരം അവസ്ഥകൾ അതിജീവിക്കാനും യാഥാർത്ഥ്യ ബോധപൂരിതവും മനസ്സാന്നിദ്ധ്യമാർന്നതുമായ ഉന്നത നിലപാടുകളും നേതൃത്വവും പുരോഗമന പ്രസ്ഥാനങ്ങൾക്ക് ഉണ്ടായേ മതിയാകൂ.

ശാന്തിയുടെ ഹിമാലയം പോലൊരു മഹാവ്യക്തിത്വ മേരുവിനെ ഇല്ലായ്മ ചെയ്യാൻ അയഥാർത്ഥ കാരണങ്ങൾ ശ്രമകരമായി ചമയ്ക്കുകയും അതിന് ഗോഡ്സെയെ നിയോഗിക്കുകയും ചെയ്തവർ പ്രത്യക്ഷത്തിൽ ആരായാലും, നിഗൂഢമായി മറഞ്ഞ് നിലകൊള്ളുന്നവർ, ഒരുപക്ഷേ അന്താരാഷ്ട്ര തലത്തിൽ ഒരു രാഷ്ട്രശക്തിയായി ഭാരതം ഉറയ്ക്കാതിരിക്കാൻ ആഗ്രഹിക്കുന്നവരാകാം. അവർ തന്നെയാവണം ലാൽബഹദൂർ ശാസ്ത്രിയുടെ മരണത്തിൽ സംശയധൂമം കലരാൻ കാരണം അവർ തന്നെയാവാമല്ലൊ ഇന്ദിരാഗാന്ധിയെന്ന ശക്തയായ പ്രധാനമന്ത്രിയെ വധിച്ചതും, സർവ്വസമ്മതനായ ഒരു പ്രധാനമന്ത്രിയായ രാജീവ ഗാന്ധിയെ വധിച്ചതും അഴിമതിയുടെ പുഴുകുത്തുന്ന പ്രലോഭനങ്ങൾ കൊണ്ട് നമ്മുടെ രാഷ്ട്രീയധാരയെ മലീമസമാക്കാൻ ശ്രമിക്കുന്നവരും അവർ തന്നെയാകാം.

ഗാന്ധിജി പഠിപ്പിച്ച ജീവിതത്തിന്റെ ലളിത തലങ്ങൾ എന്നെ ഇന്നും നമ്മുടെ ജീവവായു. ഗ്രാമസ്വരാജ് തന്നെ രാമരാജ്യത്തിലേക്കുള്ള നമ്മുടെ ശരിയായ പന്ഥാവ്. അവസാന യാത്രയിലും ഗാന്ധിജിയെ പൊതിഞ്ഞിരുന്ന ഖദർ തന്നെ നമ്മുടെ ആശാസ്യ വസ്ത്രം. ആഗോളീകരണത്തിന്റെ ധൂർത്ത് സങ്കല്പങ്ങൾ, മതിഭ്രമം സൃഷ്ടിക്കുന്ന മദ്യം, ചൂഷണവും അസത്യവ്യാപാരവും മണക്കുന്ന സ്മാർട്ട് സോണുകളും സിററികളും രാഷ്ട്രത്തിന്റെ നട്ടെല്ലായ കൃഷിയെ തകർക്കുന്ന തെററായ സമീപനങ്ങൾ എന്നിവയ്ക്കിടയിലും ജ്വലിച്ചു നിൽക്കുന്നു മഹാത്മജിയുടെ പ്രതീക്ഷാ നിർഭരമായ മന്ദഹാസം. 1948 ജനുവരി 30-ന്റെ സായന്തനത്തിൽ ഒരു നടുക്കം നൽകി പോയെങ്കിലും, നില നിൽക്കുന്ന വെളിച്ചമാണ് ഗാന്ധിജി. 1947 ആഗസ്ററ് 15 പുലരുന്ന അർദ്ധരാത്രിയിൽ ആ മഹാത്മാവിന്റെ ആഹ്വാനം കേട്ട് രാഷ്ട്രത്തിന്റെ ശോഭനമായ ഭാവിക്ക് വേണ്ടി ഉണർന്നിരുന്ന് പ്രാർത്ഥിച്ചവർ ഭൂരിഭാഗവും ഇന്ന് മൺമറഞ്ഞിട്ടുണ്ടാവാം. എങ്കിലും ആ പ്രാർത്ഥനയുടെ പ്രതിധ്വനി പുതിയ തലമുറയ്ക്ക് അനുസ്വനം ചെയ്ത് ഉൾക്കൊള്ളാവുന്ന വിധം ഇന്നുമുണ്ട്. ബാപ്പുജീ.

ആരോമലാം ഗുണങ്ങളിണങ്ങി,
ദോഷ-
മോരാതുപദ്രവമൊന്നിനു
ചെയ്തിടാതെ
പാരം പരാർത്ഥമിഹവാണൊരു
നിൻ ചരിത്ര-
മാരോർത്തു ഹൃത്തടമഴിഞ്ഞു
കരഞ്ഞു പോകാ



# അവർ വീണ്ടും ഇരകളെ തേടിയെത്തുന്നു...



എ.ജി.ഒലീന
*കൺവീനർ, വനിതാകമ്മിററി*

മൗലികവാദത്തിനും തീവ്രവാദത്തിനും ദേശകാലഭേദങ്ങൾക്കതീതമായി ഒരു നിറം മാത്രമേയുള്ളൂ. അസഹിഷ്ണുതയുടെ നിറം. മൗലികവാദവും മതതീവ്രവാദവും അതുകൊണ്ടു തന്നെ ജനാധിപത്യത്തെയും സ്വാതന്ത്ര്യചിന്തകളെയും ഭയപ്പെടുന്നു. അസഹിഷ്ണുതയുടെയും ജനാധിപത്യ വിരുദ്ധപ്രവണതകളുടെയും പ്രകടന രൂപങ്ങൾ എല്ലാമറയും നീക്കി പ്രത്യക്ഷപ്പെടുന്നു എന്നതാണ് വർത്തമാനകാലത്തെ പ്രധാനദുരന്തങ്ങളിലൊന്ന്. തെക്കൻ ഏഷ്യയിലെ വിവിധ രാജ്യങ്ങളിൽ ഈയടുത്തു നടന്ന താലിബാൻ മോഡൽ കൊലപാതകങ്ങളോ കൊലപാതക ശ്രമങ്ങളോ ഈയൊരു സത്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. താലിബാന്റെ കൈയിൽ നിന്നും ഒരിക്കൽ നാടകീയമായി രക്ഷപ്പെട്ട ഇന്ത്യൻ എഴുത്തുകാരി സുസ്മിതാബാനർജി അഫ്ഗാനിൽ വെടിയേററു മരിച്ചത് കഴിഞ്ഞ സെപ്തംബറിലാണ്. 1998 ൽ പ്രസിദ്ധീകരിക്കപ്പെട്ട A Kabuliwali Bangali wife എന്ന പുസ്തകത്തിലൂടെയാണ് സുസ്മിതാബാനർജിയുടെ ജീവിതം നമ്മുടെയൊക്കെ ശ്രദ്ധയിലെത്തുന്നത്. കൽക്കത്തയിൽ ഒരു സുഹൃത്തിന്റെ വീട്ടിൽ വച്ചു പരിചയപ്പെടാനിടയായി ജാൻബാസ് ഖാൻ എന്ന അഫ്ഗാൻകാരനെ 1998 ൽ വിവാഹം കഴിച്ച സുസ്മിതയെന്ന ബംഗാളി സ്ത്രീയുടെ തുടർന്നുള്ള സംഘർഷങ്ങളുടെ തുറന്നു പറച്ചിലെന്ന നിലയിലാണ് ആ പുസ്തകം അന്ന് ഏറെ ശ്രദ്ധിക്കപ്പെട്ടത്. ഒപ്പം അഫ്ഗാനിലെ സ്ത്രീകളുടെയും കുട്ടികളുടെയും ജീവിതം മതഭീകരതയ്ക്കുള്ളിൽ എത്രമാത്രം ദുസ്സഹമാകുന്നുവെന്നതിന്റെയും കുട്ടികൾ എപ്രകാരമാണ് തീവ്രവാദ പരിശീലന കേന്ദ്രങ്ങളിലേക്ക് നയിക്കപ്പെടുന്നുവെന്നതിന്റെയും നേർചിത്രമായി ആ പുസ്തകം ശ്രദ്ധിക്കപ്പെട്ടു. ഒരു പുസ്തകം അനാവരണം ചെയ്യുന്ന ലോകത്തിനപ്പുറം സുസ്മിതയുടെ ജീവിതം നിരന്തരമായ പോരാട്ടങ്ങളുടെ സമരഭൂമി തന്നെയായിരുന്നു. ജാൻബാസ്ഖാന്റെ വധുവായി അഫ്ഗാനിൽ എത്തിയ സുസ്മിതയെ കാത്തിരുന്നത് ഒട്ടും സുഖകരമായ അനുഭവങ്ങളായിരുന്നില്ല. സ്വകാര്യജീവിത പ്രതിസന്ധികളെ അതിജീവിക്കുന്നതിനൊപ്പം അഫ്ഗാനിലെ മനുഷ്യത്വ വിരുദ്ധ പ്രവർത്തനങ്ങളെയും ചെറുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ അവർ ഏറെറടുത്തു. പിതൃകേന്ദ്രിത അധികാരവ്യവസ്ഥയും മതതീവ്രവാദവും ഒന്നിച്ചു കൈകോർക്കുന്ന ഇടങ്ങളിൽ അതിനെതിരെയുള്ള സുസ്മിതയുടെ സമരപാത ഒരു എഴുത്തുകാരിക്കു സാധ്യമാകും മട്ടിലാണ് അവർ ഏറെറടുത്തത്. മതതീവ്രവാദത്തിന്റെ അരാജകവാഴ്ച തകർക്കാൻ സ്ത്രീകൾ സജ്ജരാകുന്നതിൽ അവർക്ക് വിദ്യാഭ്യാസം പകർന്നു നല്കുകയാണ് അനിവാര്യമെന്ന് തിരിച്ചറിഞ്ഞു കൊണ്ടാണ് സ്ത്രീകളുടെ ആരോഗ്യവും വിദ്യാഭ്യാസവും മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങളിൽ മുഴുകുന്നത്. അഫ്ഗാനിലെ പക്തികയിൽ ആരോഗ്യപ്രവർത്തകയായി ജോലി ചെയ്തു കൊണ്ട് അവിടത്തെ സ്ത്രീ ജീവിതത്തെ പഠിക്കുകയും എഴുതുകയും അവരെ സാധാരണ ജീവിതത്തിലേയ്ക്ക് കൈപിടിച്ചു കൊണ്ടു വരുവാൻ ശ്രമിക്കുകയും ചെയ്തു. സ്വാഭാവികമായും മതമൗലികവാദികൾ അവർക്കെതിരായി സാമ്പ്രദായിക കെട്ടുപാടുകൾക്കുള്ളിൽ തളച്ചിടപ്പെട്ട അഫ്ഗാനിലെ സ്ത്രീകൾ സ്വ

തന്ത്രരാവുന്നത് സഹിക്കാനാവാത്ത മൗലികവാദികളിൽ നിന്നും സുസ്മിത ശാരീരികമായി പോലും ആക്രമിക്കപ്പെടുകയായിരുന്നു. 1995 ആഗസ്ററിൽ താലിബാൻ ഭീകരവാദികളുടെ കൈയിൽ നിന്നും അതിവിദഗ്ധമായി രക്ഷപ്പെട്ടു കൽക്കത്തയിലെത്തിയ സുസ്മിത, താൻ നേരിട്ട അഫ്ഗാൻ ജീവിത യാഥാർത്ഥ്യങ്ങൾ ആവിഷ്കരിക്കുകയായിരുന്നു. കാബൂളിവാലായുടെ ബംഗാളി വധുവെന്ന ഓർമക്കുറിപ്പുകളെ ആധാരമാക്കി 2003 ൽ Escape from Thaliban ചിത്രം ഏറെ ശ്രദ്ധ പിടിച്ചു പററിയിരുന്നു. സ്വകാര്യ ജീവിതത്തിലെ തിക്താനുഭവങ്ങൾക്ക് സഹജവാസനയാൽ മാപ്പു നൽകിക്കൊണ്ട് 2013 ൽ വീണ്ടും അവർ അഫ്ഗാനിലേക്ക് പോവുകയായിരുന്നു. Thalilban Atyachar- Desheo Bideshe (Thaliban atrocites in Afghanistan and Abroad) Mulla Omar, Taliban and not a word is lie എന്നീ പുസ്തകത്തിലൂടെ അവർ പിതൃകേന്ദ്രീകൃത - പുരുഷാധിഷ്ഠിത അധികാരഘടനയോടും മതതീവ്രവാദത്തോടും കലഹിക്കുകയും കലാപമുയർത്തുകയും ചെയ്തുകൊണ്ടേയിരിക്കുകയായിരുന്നു. സ്ത്രീമനസ്സുകളിൽ അക്ഷരവെളിച്ചം പകരുവാനുള്ള സുസ്മിതയുടെ ശ്രമത്തിന്റെ മറ്റൊരു മുഖമാണ് പാക്കിസ്ഥാനിലെ മലാലയും ഉയർത്തിയത്. സ്ത്രീ സ്വതന്ത്രയാവുക എന്നാൽ ഒരു സമൂഹം തന്നെ സ്വാതന്ത്ര്യം പ്രഖ്യാപിക്കുക എന്നതാണെന്ന് സ്വാതന്ത്ര്യവാദികളേക്കാൾ നന്നായി അറിയാം മൗലികവാദികൾക്ക്. അതിനാൽ പാക്കിസ്ഥാനിലായാലും അഫ്ഗാനിസ്ഥാനിലായാലും സ്വാതന്ത്ര്യശബ്ദത്തെ നിശബ്ദമാക്കാനാണ് തീവ്രവാദികൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

എന്നാൽ ജനാധിപത്യ റിപ്പബ്ലിക്ക് എന്നവകാശപ്പെടുന്ന ഇന്ത്യയിൽ, ഇക്കഴിഞ്ഞ ആഗസ്തിൽ മഹാരാഷ്ട്രയിൽ ഡോ. നരേന്ദ്ര ധാഭോൽക്കർ വെടിയേറ്റു കൊല്ലപ്പെട്ടത് നമ്മളെ വീണ്ടും ഞെട്ടിപ്പിക്കുയാണ്. താലിബാനിസത്തിന് വളക്കൂറുള്ള മണ്ണായ പാക്കിസ്ഥാനിലും അഫ്ഗാനിസ്ഥാനിലും മതമൗലികവാദികളും തീവ്രവാദികളും കാട്ടിക്കൂട്ടുന്ന അരാജക പ്രവർത്തനങ്ങൾക്ക് നാനാത്വത്തിൽ ഏകത്വം ഘോഷിക്കപ്പെടുന്ന ഇന്ത്യൻ മണ്ണിൽ സ്ഥാനമില്ലെന്ന നമ്മുടെ വീമ്പുപറച്ചലിലുള്ള പ്രഹരം കൂടിയായി മാറുന്നു ധാഭോൽക്കറുടെ അരുംകൊല. മഹാരാഷ്ട്രയിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെയും കോർപ്പറേറ്റ് ഭക്തിവ്യവസായത്തിനെതിരെയും നിരന്തരം കലാപമുയർത്തിക്കൊണ്ടിരുന്ന ധാഭോൽക്കറുടെ ജീവന് ഭീഷണിയുണ്ടായിരുന്നു. അധോലോക മാഫിയയുമായി കണ്ണിചേരുന്ന ഭക്തിവ്യവസായ ലോബിക്കെതിരെ ധാഭോൽക്കർ ഉയർത്തിപ്പിടിച്ച ആശയങ്ങൾക്ക് ഒരുപക്ഷേ ഇന്ന് കേരള രാഷ്ട്രീയത്തിൽ വർദ്ധിച്ച പ്രസക്തിയുണ്ട്. ആൾദൈവങ്ങളും അതിനു പിന്നിലെ സാമ്പത്തിക മാഫിയയും ജനങ്ങളുടെ മതവികാരത്തെയും ഈശ്വരവിശ്വാസത്തെയും ചൂഷണം ചെയ്യുന്നതിന്റെ നഗ്നചിത്രം തുറന്നുകാട്ടുകയായിരുന്നു ധാഭോൽക്കർ. നരേന്ദ്ര ധാഭോൽക്കർ ദൈവചിന്തയ്ക്കോ മതവിശ്വാസത്തിനോ എതിരായിരുന്നില്ല. പക്ഷേ




അവയുടെ പേരിലുള്ള ചൂഷണങ്ങളെയായിരുന്നു അദ്ദേഹം എതിർത്തത്. അഹമ്മദ്നഗറിലെ ഷനിഷിംഗാപൂർ ക്ഷേത്രത്തിൽ സ്ത്രീകൾക്കും പ്രവേശനം നൽകുന്നതിനായി 2000 ൽ വൻതോതിൽ ക്യാമ്പയിൻ സംഘടിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നു.

ആ സമരം ഒടുവിൽ കോടതിയിലെത്തുകയായിരുന്നു. 2000 ൽ അദ്ദേഹം സമർപ്പിച്ചു. Anti Supersition and Black Magic Bill ൻെറ കരടുരൂപം അദ്ദേഹത്തിൻെറ കൊലപാതകത്തോടു അംഗീകരിക്കപ്പെടുകയും മഹാരാഷ്ട്രാ സർക്കാർ ബില്ല് സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. മഹാരാഷ്ട്രയിലെ ഗ്രാമങ്ങളിലെ വിദ്യാലയങ്ങളിലും ആരോഗ്യകേന്ദ്രങ്ങളിലും എത്തി അവിടങ്ങളിലെ മനുഷ്യരെ അന്ധവിശ്വാസങ്ങളിൽ നിന്നും ആൾദൈവങ്ങളിലും രക്ഷപ്പെടുത്തിയെടുക്കാനായി ഉഴിഞ്ഞുവച്ച ഒരു ജീവിതമായിരുന്നു ധാബേൽക്കറുടേത്. പക്ഷേ മഹാരാഷ്ട്രയിലെ പിന്തിരിപ്പൻ ശക്തിയുടെ അസഹിഷ്ണുതയും മൗലികവാദവും അടങ്ങിയിരുന്നില്ല. മഹാരാഷ്ട്രയിലെ മതതീവ്രവാദ സംഘങ്ങൾ ഈയടുത്തു ഒരു സിനിമാ തീയേററർ ആക്രമിച്ചതിൻെറ പിന്നിലെ കാരണം അതീവ രസകരമാണ്. ചലച്ചിത്രത്തിൽ ദൈവങ്ങൾ കടന്നു വരുന്ന സന്ദർഭത്തിൽ തീയേററിനുള്ളിൽ വേണ്ടത്ര വെളിച്ചം ഉണ്ടായിരുന്നില്ല എന്നതിൻെറ പേരിൽ ഒരു തീയേററർ തന്നെ ഇല്ലാതാക്കുന്ന തരത്തിലുള്ള അസഹിഷ്ണുതയും ആക്രമണോത്സുകതയും തിരിച്ചറിയപ്പെടുകയാണ്.

മലാലയും സുസ്മിതാബാനർജിയും നരേന്ദ്ര ധാഭോൽക്കറും ഉയർത്തിപ്പിടിച്ച മനുഷ്യാവകാശ സമരങ്ങൾ ഏറെറടുക്കാനുള്ള ശ്രമം നടത്തേണ്ടത് പുരോഗമന പ്രസ്ഥാനങ്ങളുടെ കടമയാണ്. മതവിശ്വാസത്തിൻെറയും ഭക്തിയുടെയും പേരിൽ നടക്കുന്ന തീവ്രവാദ പ്രവർത്തനങ്ങൾ ഉന്മൂലനത്തിൻെറ പാത സ്വീകരിക്കുന്നത് ചെറുക്കപ്പെടേണ്ടതുമാണ്. ഇത്തരം പ്രതിലോമതകൾക്ക് ആദ്യമായും വർധിച്ച തോതിലും ഇരയാകുന്നത് സ്ത്രീകളാണെന്നത് കാണേണ്ടതുണ്ട്. കാരണം എല്ലാ മൗലികവാദവും സ്ത്രീയുടെ മുന്നേററത്തെയും സ്വതന്ത്രതയെയും ഭയപ്പെടുന്നു. സ്ത്രീമുന്നേററമെന്നാൽ സാമൂഹ്യ മുന്നേററം തന്നെയാണെന്നു മററാരെക്കാളും ഭംഗിയായി മൗലികവാദികൾക്കറിയാം. അതിനാൽ അവർ സ്ത്രീകളെത്തേടിയെത്തുന്നു; സ്ത്രീ മുന്നേററ ശ്രമങ്ങളെയും.

ഡോ. അജി.സി.പണിക്കർ
*മാർ അത്തനേഷ്യസ് കോളജ്, കോതമംഗലം*





# ഗുൽമക്കായ്

പ്രത്യാശതൻ പൊൻകിരണമായി നീ
തിരികെയെത്തിയീ ജീവിതത്തിന്നിടനാഴിയിൽ
അന്ധകാരത്തിലും പ്രകാശം ചുരത്തുന്നൊ-
രഗ്നി സ്ഫുലിംഗമായി മലാല നീ മാറവേ!
ഈ ലോകമൊരു പൂക്കുടയായി മർത്ത്യസ്നേഹ-
മതിനുൾക്കരുത്തായി നിന്നിൽ നിറയ്ക്കവേ
ബാല്യത്തിൻ നിറവഴികളിൽ കണ്ടു നീ മറന്നൊരാ
വെയിലേറ്റു തിളങ്ങുമൊരു ഗോതമ്പു വയലുപോൽ
നിർമ്മല സ്നേഹത്തിൻ നിത്യദീപമായ് നീ
സ്വാത് താഴ്‌വാരങ്ങളിൽ ഒളിവിതറീടവേ
ഭീകരത ഒരു കരിനിഴലായി ഭൂവിൽ
അന്ധകാരം നിറയ്ക്കവേ,
അറിവിൻ ആത്മ വിദ്യാലയങ്ങൾ
അരുതായ്മകളായി വിലക്കവേ
പെൺചിരികളാതാഴ്‌വാരങ്ങളിൽ നി-
ന്നെന്നേയ്ക്കുമായി പടിയിറങ്ങീടവേ
വർണ്ണ ശലഭങ്ങളാനിഷ്ഠൂരമാം
ലോകത്ത് ബന്ധിതരായീടവേ...
ഒരു ചോള പുഷ്പമായി നിൻ
ഹൃദയ രാഗങ്ങൾ ഉണർത്തുപാട്ടാകവേ
ഉള്ളുലയ്ക്കുന്ന നിൻ ചുടുനെടുവീർപ്പുകൾ
ഉൾവേവോടീയുലകം തിരിച്ചറിയവേ,
തീവ്രവാദം വെടുയുണ്ടകളായി നിന്നിളം
മേനിയിൽ മൃത്യുതൻ പ്രകമ്പനം തീർക്കവേ
മായാത്ത പുഞ്ചിരിയുമായി നീയീമായിക
ഭൂവിൻ നിറുകയിൽ നിറയവേ,
അക്ഷരങ്ങളെ പടവാളാക്കി നീ
മതാന്ധതതൻ വേരറുക്കവേ
മാറ്റിവെയ്ക്കാം നിനക്കായൊരു ദിനം
ഭീകരതതൻ വന്യഭാവങ്ങൾക്കറുതി വരുത്തുവാൻ
മലാല നീ മടങ്ങിയെത്തിയൊരു പ്രതീക്ഷതൻ-
കമ്പളമായി പ്രകാശത്തിൻ പ്രതീകമായ്.



# The Visually Challenged and Identity:

## The Role of Generalisation in the Societal perceptions



**Habeeb.C**
*Assistant Professor of English, Ferook College, Calicut*

In this global era of the multifaceted technological manifestations, the term 'identity' acquires new and revolutionary dimensions along with man's quest for power and survival. In accordance with the universalisation of the so called intellectual properties, one of the immediate and visible effects of the dynamic information explosion is of course the prominence gained by the marginalized sections in expressing and asserting their identity. The newly cultivated genres such as Postcolonial Literature, Feminist literature, Post structuralist Criticism, Dalid Literature etc, are to be analysed with reference to this aspect. However, the communities such as visually challenged have not yet consciously thought of the panorama of this identity struggle.

Irrespective of all distinctions, the present uproarious technological advancements could play a vital role in promoting the interests of the differently-abled people such as visually challenged. After the development of screen readers and other assistive technological innovations, their dark limited sphere has crossed over its defined space. Today there are computer engineers, civil servants and other such enviable professionals in these communities. What enabled them for a quick creative survival is certainly the scope of the modern technological outbursts.

In spite of these formerly unthinkable innovations, there is no considerable difference in the social identity of the visually challenged community. The society is ready enough to sympathise with them to help them or even to give them undue focus, but they are not ready to admit

their individual identity. In all avenues of social and political life where the general community sees the presence of these marginalized group as a challenge, they use the dictum of impairment to outcast them or to discourage such ventures by them.

There are multiple reasons for this social disparity. The main reason lies with the visually challenged themselves. They have not yet seriously thought of these social problems and their solution. Even after the development of multiple devices for their communication, we have limited literature; sociological, psychological or pure literature, which concentrates on the problems and feelings of the visually challenged. The second reason is the deep-rooted notions of the society. The visually challenged being lived in a stereotypic frame work when they try to come out of it, the society very often fails to recognize them and at times consciously blocks them from their new identity. The attitude of the people to a sightless candidate involving in political or general associational activities is an example for this psychodynamics. It is on account of the same reason that whatever may be the intellectual and social status of a visually challenged individual, the people living in the high class and middle class families are not willing to have matrimonial alliances with the members of this community. Mostly, people of this group get alliances from financially backward families. It is not out of the recognition but out of the other's pathetic plight.

The foremost reality that we come across if we attempt a theoretical analysis of the societal perception of the visually challenged is that, from the very beginning of civilizations itself, there is a basic pattern in such societal perception and representation of the visually challenged. Such a perspective either towards them or towards different terminologies related to them is either negative or one that can satisfy the society's expected objective of compartmentalising them into a very narrow zone. For example, let us look at how the different terms such as



blindness, impairment, disability handicap and the recent coinage "differentability-different ability" have been understood by people across the time. Such perceptions bear no relation to reality. Blindness was the conventional term used to signify visual inconvenience. A thorough search into the linguistic prevalence of this term would convince us of the fact that in most cases where the term 'blind' is used, it is used with a negative connotation. The term blinds signify windo blinds or curtains. We use the adjective blind with negative connotations such as blind faith, blind patriotism, blind worship and so on. The origin of this negative element in these stereotyped usages can be traced to the illusory association of blindness with darkness.

Similarly people fail to understand the real implications of different terms when they use them to describe the visually challenged. Each of these terms has its own specific meaning. The term impairment for instance signifies *a loss or abnormality of psychological, physiological, or anatomical structure or function. Thus it refers to the physical damage to an organ. The term disability can be defined as any restriction or lack (resulting from an impairment) of the ability to perform an activity in the manner or within the range considered normal for a human being. We often use the term handicap to signify either impairment or disability. But its*

*real implication is a disadvantage for a given individual, resulting from an impairment or a disability, that limits or prevents the fulfilment of a role that is normal (depending on age, sex, and social and culture factors) for that individual. In other words it refers to the psycho social consequences of disability. Impairments and disabilities may be temporary or permanent, reversible or irreversible, and progressive or regressive. The situation people find themselves in may determine to what degree a disability is handicapping for them.*

*However the biggest mistake is in understanding the term differently abled or differentlyabled. People usually define this euphemistic expression as an additional ability or skill attained by a challenged candidate, that is when one sense is weak, that is compensated by an additional enrichment of other senses. Thus they say that a totally visually challenged person can identify the people through voice, smell or touch and that is a different ability. Actually such skills are there even in a sighted candidate, he doesn't use it since his sight helps him to minimize the use of such faculties. The real definition of different ability is doing something in a different way. A visually challenged can do many of the things that a sighted person does, provided there is a little difference in the strategy followed. It could be duplication, modification and adaptation, substitution or some other technics coupled with special sensory development that will enable him to do the things differently. Omission is usually applied only in those regions where sight is a compulsory requirement for the accomplishment of the task. Thus when a sighted person use computer with the aid of a screen, a visually challenged person uses a computer with the aid of screenreader where everything shown on the screen will be read out for him. When a sighted person reads a book looking at it, a challenged person reads the same in a Braille print by touching the dots. These are different abilities for a visually challenged candidate. Very often the society's failure to understand such terminologies in their real sense results in fissures in the policy formulations for the visually challenged.*

However the most dangerous and incurable malady which challenges the identity of the visually challenged is the notion of generalization. It refers to a social phenomenon where an individual trait is attributed by the society to all the members of the community. If .it is something related to a negative predicament, this generalization acquires a peculiar degree of importance. George kutty Karepparampil in his book Persons with disabilities in the society observes that "

Man cannot resist the temptation to generalize or to spread. He always tries to judge a situation or a person by one most obvious characteristic. He sees that a person is physically handicapped and he believes what he sees, or rather more than what he sees. The disability that he sees in the physical sphere is immediately spread to other areas - psychological, social and moral. In order to prove that man's negative reaction to the physically handicapped is instinctive, some people even try to relate comparable instances in the animal world showing ostracism of those with a typical physique. But their hypothesis cannot be proved by one or two stray instances. Ignorance of the primary causes of disability is also responsible for negative social attitudes".[115] Once a society is familiar with a peculiar kind of generalization, irrespective of any attempts by the members of the disgraced community to cure it, the society is so reluctant to part with it's notion. There are certain conventional social believes such as all the sightless people are singers, and so on. Sometimes the society might have acquired such a notion through the constant presence of disabled beggars in the streets or other social platforms. Besides It is very often seen that suppose an examiner observes some malpractice in a visually challenged student during his examination, he attributes the same to all others of the same group. Thus even the talented among them lose the glory of their achievements. This prevalence of the custom of generalization blocks the challenged community from asserting it's identity. It not only deteriorates the will power of the members but also make even the committed and talented among them disillusioned with the society. It in turn affects their enthusiasm and interest in the public interference. One fact which the society has to realise is that, as the abilities of the sighted people vary according to their social and psychological traits, so is that of the visually challenged.

